# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

## "ഉൾനാടൻ ജലഗതാഗതം - പാർവതിപുത്തനാറിന്റെ പനത്തുറഭാഗത്തെ കനാൽ റീ-അലൈൻമെന്റിന് ഭൂമി ഏറ്റെടുക്കൽ പദ്ധതി"

## കരട്റിപ്പോർട്ട്

എസ്.ഐ.എ. സ്റ്റഡി യൂണിറ്റ്

ഐ.ആർ.ഡി (ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡവലപ്മെന്റ്)

തിരുവനന്തപുരം

**31-08-2021**

## ഉള്ളടക്കം


**അദ്ധ്യായം - 1 സംഗ്രഹം**

1.1. ആമുഖം

1.2. സ്ഥാനം

1.3. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം

1.4. ബദൽ സാദ്ധ്യതകൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6. സാമൂഹ്യ പ്രത്യാഘാത ലഘൂകരണമാർഗ്ഗങ്ങൾ

**അദ്ധ്യായം - 2 വിശദമായ പദ്ധതി വിവരണം**

2.1. പദ്ധതിയുടെ പശ്ചാത്തലം

2.2. പദ്ധതി പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധം

2.3. പ്രോജക്ടിന്റെ വലിപ്പം, സ്ഥാനം എന്നിവ

2.4. പദ്ധതിയുടെ ബദൽസാദ്ധ്യതകളെ സംബന്ധിച്ച പഠനം

2.5. നിർമ്മാണത്തിന്റെ സവിശേഷതകൾ

2.6. അനുബന്ധഭൗതിക സാഹചര്യങ്ങളുടെ ആവശ്യകത

2.7. തൊഴിലാളികളുടെ ആവശ്യകത

2.8. മുൻപ് നടത്തിയ പഠനങ്ങൾ

2.9. സംയുക്തമായ നയങ്ങളും നിയമങ്ങളും

**അദ്ധ്യായം - 3 സംഘാംഗങ്ങൾ, പഠന സമീപനം, പഠനമാർഗ്ഗം**

3.1. പശ്ചാത്തലം

3.2. സാമൂഹ്യ പ്രത്യാഘാതവിലയിരുത്തൽ പഠനവും നിർവ്വഹണപ്ലാൻ തയ്യാറാക്കൽ

3.3. എസ്.ഐ.എ. സ്റ്റഡി ടീം

3.4. ദ്വിതീയ വിവരശേഖരണം.

3.5. പദ്ധതി പ്രദേശസന്ദർശനവും വിവരങ്ങൾ നൽകലും

3.6. സാമൂഹ്യസാമ്പത്തിക സ്ഥിതിവിവരശേഖരണം

3.7. സ്ഥിതിവിവരക്രോഡീകരണവും പരിശോധനയും

3.8. സ്ഥിതിവിവരവിശകലനവും റിപ്പോർട്ട് തയ്യാറാക്കലും

**അദ്ധ്യായം - 4 ഭൂമി തിട്ടപ്പെടുത്തൽ**

4.1. പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം

4.2. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ രൂപരേഖ

4.3. നിർദ്ദിഷ്ട പദ്ധതിയ്ക്കായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി

4.4. പൊതു സ്ഥലത്തിന്റെ ഉപയോഗം

4.5. നിർദ്ദിഷ്ട പദ്ധതിയ്ക്കായി ഏറ്റെടുക്കുന്ന ഭൂമി

4.6. ഏറ്റെടുക്കേണ്ടഭൂമിയുടെ അളവുസംബന്ധിച്ച വിവരങ്ങൾ

4.7. മുൻകാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ

**അദ്ധ്യായം - 5 മൂല്യ നിർണ്ണയവും വിശകലനവും**

5.1. ആമുഖം

5.2. പദ്ധതിമൂലം പ്രത്യക്ഷമായി ബാധിക്കപ്പെടുന്നവർ

5.3. പരോക്ഷമായി ബാധിക്കപ്പെടുന്നവർ

5.4. ബാധിത കുടുംബങ്ങൾ

5.5. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗ്ഗവും.

**അദ്ധ്യായം - 6 സാമൂഹിക സാമ്പത്തിക സാംസ്ക്കാരിക അവലോകനം**

**അദ്ധ്യായം - 7 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി**

7.1. ആഘാതം കുറക്കേണ്ട മാർഗ്ഗങ്ങളുടെ രൂപരേഖയും സമീപനങ്ങളും

7.2. വിവിധ ഘട്ടങ്ങളിലൂടെ ആഘാത വിശകലനം

7.3. ആഘാത ബാധിതരുടെ തരം

7.4. പൊതുജനങ്ങളുടെ ആശങ്കകൾ

7.5. സാമൂഹ്യപ്രത്യാഘാതം ലഘൂകരിക്കാനും നഷ്ടപരിഹാരത്തിനുമുള്ള മാർഗ്ഗങ്ങൾ

7.6. ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനരധിവാസ വ്യവസ്ഥകൾ

7.7. വിവിധ തരത്തിലുള്ള ആഘാതത്തിന്റെ തീവ്രത ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങൾ

**അദ്ധ്യായം - 8 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി ഒരു രൂപരേഖ**

**അദ്ധ്യായം - 9 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി**

**അദ്ധ്യായം - 10 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി നിരീക്ഷണവും അവലോകനവും**

**അദ്ധ്യായം - 11 വിലയുടെയും നേട്ടങ്ങളുടെയും അപഗ്രഥനവും ഏറ്റെടുക്കുന്നതിനുള്ള ശുപാർശകളും**

11.1. പ്രധാന കണ്ടെത്തലുകൾ

11.2 എസ്.ഐ.എ. സ്റ്റഡി യൂണിറ്റിന്റെ ശുപാർശകൾ

# അദ്ധ്യായം - 1

## സംഗ്രഹം

## "ഉൾനാടൻ ജലഗതാഗതം - പാർവതിപുത്തനാറിന്റെ പനത്തുറഭാഗത്തെ കനാൽ റീ-അലൈൻമെന്റിന് ഭൂമി ഏറ്റെടുക്കൽ പദ്ധതി"

### 1.1. ആമുഖം

കേരളം ദൈവത്തിന്റെ സ്വന്തം നാടാണ്. അതിപുരാതനകാലം മുതൽ സുഗന്ധദ്രവ്യങ്ങളുടെ (കുരുമുളക്, ഏലം, ഇഞ്ചി, കാപ്പി, കാട്ടുതേൻ) തുടങ്ങിയവയുടെ കയറ്റുമതി കലവറയായിരുന്നു കൊച്ചുകേരളം. ഉദാഹരണമായി വിദേശ ശക്തികളായ പൊർച്ചുഗീസ്, ഡച്ച്, ഇംഗ്ലണ്ട്, ഫ്രഞ്ചുകാർ തുടങ്ങിയവരുടെ സ്ഥിരം സന്ദർശക കേന്ദ്രമാണ്. കേരളം ലോകഭൂപടത്തിൽ 661 കിലോമീറ്റർ സമുദ്രതീരമുള്ള സംസ്ഥാനമാണ്. കായലും കടലും സംയുക്തമായി സംഗമിക്കുന്ന നാടാണ് കേരളം. പശ്ചിമഘട്ട മലനിരകൾ അമൂല്യമായ ആയുർവേദ ഔഷധ സസ്യങ്ങളുടെ ഈറ്റില്ലമാണ്. കൂടാതെ, ഹരിതാഭമായ കുന്നുകളും, മലകളും, അരുവികളും കേരളത്തിന്റെ മാത്രം പ്രത്യേകതയാണ്. പ്രകൃതി സൗന്ദര്യം ആസ്വദിക്കാൻ പല ടൂറിസ്റ്റുകളും കണ്ടുമടങ്ങുന്നിടമാണ്. പക്ഷേ കൊവിഡ് മഹാമാരികാരണം ടൂറിസ്റ്റുകളുടെ വരവ് ഗണ്യമായി കുറഞ്ഞിരിക്കുന്നസാഹചര്യത്തിൽ ഈ പദ്ധതി വളരെ അഭികാമ്യമാണ്. തിരുവനന്തപുരം ജില്ലയിലെ ഏറെ പ്രസിദ്ധമായ കോവളം അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രത്തോട് വളറെ അടുത്ത്സ്ഥിതി ചെയ്യുന്ന പ്രദേശമാണ് പനത്തുറ. കോവളം ഭാഗത്തുനിന്നും ആരംഭിക്കുന്ന പാർവതി പുത്തനാർ ദക്ഷിണകേരളത്തിന്റെ വടക്കേജില്ലയായ കാസർഗോഡ് ചരിത്രപ്രസിദ്ധമായ ബേക്കൽ തുറമുഖത്ത് എത്തിച്ചേരുന്നു. ഉൾനാടൻ ജലഗതാഗത രംഗത്ത് വിപ്ലവകരമായ മാറ്റമുണ്ടാക്കാനുതകുന്നതാണ് ഈ പദ്ധതി. പാർവതി പുത്തനാറിന്റെ രണ്ടറ്റവും പനത്തുറഭാഗത്തു വന്ന് മുഖാമുഖം നിൽക്കുന്നു. ഈ രണ്ടുഭാഗവും കൂട്ടിയോജിപ്പിക്കുമ്പോൾ കോവളം മുതൽ ബേക്കൽവരെയുള്ള ഉൾനാടൻ ജലഗതാഗതം എന്ന സ്വപ്നപദ്ധതി സഫലമാകും.

കഴക്കൂട്ടം-കാരോട് ബൈപാസിൽ വാഴമുട്ടം ജംഗ്ഷനിൽ നിന്നും അരകിലോമീറ്റർ റോഡുമാർഗ്ഗം പടിഞ്ഞാറോട്ട് യാത്രചെയ്താൽ പനത്തുറ ഭാഗത്ത് ഏത്തിച്ചേരാവുവന്നതാണ്. ഈ ഭാഗത്ത് എത്തിച്ചേരുന്ന ഓരോരുത്തരെയും കടൽഭിത്തിക്ക് പിന്നിൽ നിന്നും കടൽതിരമാലകൾ സ്വാഗതം ചെയ്യുന്നു. കടൽഭിത്തിക്കരുകിലായി ശ്രീബാലസുബ്രഹ്മണ്യക്ഷേത്രം കടലിനഭിമുഖമായി നിലകൊള്ളുന്നു. തികച്ചും ശാന്തമായ ഈ പ്രദേശത്ത് എത്തുമ്പോൾ തന്നെ മനസ്സിന് കുളിർമ ലഭിക്കുന്നു. ഇവിടെ ബോട്ട്ജെട്ടികൂടി ഉണ്ടായാൽ ഈ പ്രദേശത്തിന്റെ മുഖച്ഛായതന്നെ മാറുന്നതാണ്. ബൈപാസിനോട് ചേർന്നുകിടക്കുന്ന പ്രദേശമായതിനാൽ ഇവിടെ ഇറങ്ങുന്ന ഭക്തർക്ക് പുണ്യപുരാതനമായ ബലിതർപ്പണത്തിനായി തിരുവല്ലം ശ്രീപരശുരാമ ക്ഷേത്രത്തിൽ എത്തിച്ചേരാൻ കഷ്ടിച്ച് 3 കിലോമീറ്റർ ദൂരം മാത്രമേയുള്ളൂ. ഇതു

മൂലം യാന്ത്രികയുഗമായ ഇന്ന് ഇന്ധന, സമയ, യാത്രാ ലാഭം എന്നിവ ഉണ്ടാകുന്നു. കൂടാതെ സർക്കാരിന്റെ അധീനതയിലുള്ള ചിത്രാഞ്ജലി സറ്റുഡിയോയും ശംഖുമുഖം അന്താരാഷ്ട്ര വിമാനത്താവളവും വളരെ അടുത്താണ്. കാർഷിക ഗവേഷണ രംഗത്തെ വിപ്ലവാത്മകരമായ കണ്ടുപിടിത്തങ്ങൾ ജനങ്ങൾക്ക് നൽകുന്ന വെള്ളായണി കാർഷിക കോളേജും ഇതിനടുത്താണ്. കയറ്റുമതി രംഗത്ത് അഭിമാനകരമായി പ്രവർത്തിക്കുന്ന വിഴിഞ്ഞം തുറമുഖവും വളരെ അടുത്താണ്.

കോവളം, കഠിനംകുളം, വർക്കല(തുരങ്കം) വഴി കടന്നുപോകുന്ന ഉൾനാടൻ ജലഗതാഗതം, ആഭ്യന്തര ടൂറിസ്റ്റുകളെ മാത്രമല്ല വ്യാവസായിക മേഖലകളിലും വൻകുതിച്ചുകയറ്റം പ്രതീക്ഷിക്കാവുന്നതാണ്. കടലിന് സമാന്തരമായി കടന്നുപോകുന്ന ഉൾനാടൻ ജലഗതാഗത യാത്ര നിരവധി ഗ്രാമീണഭംഗികൾ കണ്ട് ആസ്വദിക്കാവുന്നതാണ്. ഈ പ്രദേശത്തിന്റെ കിഴക്കുഭാഗത്തായി ബൈപാസിനോട് ചേർന്ന് നിരവധി റസ്റ്റോറന്റുകളും നാടൻഭക്ഷണശാലകളും നിരന്നുകഴിഞ്ഞു. പനത്തുറഭാഗത്ത് ഇറങ്ങുന്ന ടൂറിസ്റ്റുകൾക്കും വ്യവസായപ്രമുഖർക്കും ഇതൊരനുഗ്രഹമായി മാറാം. കൂടാതെ കേരളത്തിന്റെ ടൂറിസം മാപ്പിൽ ഈ പനത്തുറ എന്ന പ്രദേശംകൂടി സ്ഥാനം പിടിക്കും എന്നുള്ളകാര്യത്തിലും നമുക്ക് അഭിമാനിക്കാം.

### 1.2. സ്ഥാനം :

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപും താലൂക്കിൽ തിരുവല്ലം വില്ലേജിൽ വെള്ളാർ 64-ാം വാർഡിൽ ബൈപാസ് റോഡിൽ വാഴമുട്ടം ഹൈസ്കൂളിന്റെ പടിഞ്ഞാറുഭാഗത്തുള്ള ഇടവിളാകം റോഡിലൂടെ അരകിലോമീറ്റർ പോകുമ്പോൾ പനത്തുറ കൂനംതുരുത്തിയിലെത്താം. ഈ പ്രദേശത്തെ കൂനംതുരുത്തിയെന്നും കിളിയന്റെ മുടുമ്പ് എന്നും അറിയപ്പെടുന്നു. ഈ സ്ഥലത്താണ് പാർവതീപുത്തനാറിന്റെ ഉൾനാടൻ ജലഗതാഗത നിർമാണപ്രവർത്തനങ്ങൾ നടക്കേണ്ടത്.

### 1.3. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി :

പാർവതീപുത്തനാറിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് തുരുവല്ലം വില്ലേജിൽ ബ്ലോക്ക് 29 ൽ സർവ്വേ നമ്പർ 560/1 pt, 561/2 pt, 561/3 pt, 561/4 pt, 561/5 pt, 561/6 pt, 561/7 pt. 561/8 pt, 561/19 pt, 561/20 pt, 561/21 pt, 560/2 pt, 560/5 pt, 560/6, 563/5 pt എന്നീ നമ്പരുകളിൽപ്പെട്ട വസ്തുക്കളിൽനിന്നും 54.105 ആർ പുരയിടമാണ് നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി ഏറ്റെടുക്കേണ്ടതായിട്ടുള്ളത്. കൂടാതെ വില്ലേജോഫീസിൽ നിന്നും ലഭിക്കാത്ത 26147-ാം നമ്പർ തണ്ടപ്പേർപ്രകാരമുള്ള സർവ്വേ , 561/21 ൽപെട്ട ശ്രീകുമാരൻ . ബി എന്ന വ്യക്തിയുടെ ഭൂമികൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഏറ്റെടുക്കേണ്ട വസ്തുക്കൾ എല്ലാം തന്നെ സ്വകാര്യവ്യക്തികളുടെതാണ്.

## 1.4. ബദൽ സാധ്യതകൾ :

ഉൾനാടൻ ജലഗതാഗതത്തിനായി പാർവതിപുത്തനാറിന്റെ പനത്തുറഭാഗത്തെ കനാൽ റീഅലൈൻമെന്റിനു വേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ 3 വീടുകൾ പൂർണ്ണമായി നഷ്ടപ്പെടുന്ന അവസ്ഥയാണ്. കൂടാതെ 64/162 റ്റി. സി. നമ്പരായി ഉദ്ദേശം 3 മീറ്റർ അകലത്തിൽ ഈ വീടിനോട് ചേർന്ന് ഒറ്റമുറി വീട് കൂടി നഷ്ടപ്പെടുന്ന അവസ്ഥയാണ്. പ്രസ്തുത വീട്ടിൽ 5 കുടുംബങ്ങളിലായി 12 അംഗങ്ങൾ താമസിക്കുന്നു. ഇവരുടെ പുനരധിവാസം സർക്കാർ നൽകുന്ന നഷ്ടപരിഹാര തുകകൊണ്ട് മാത്രം പരിഹരിക്കാവുന്നതല്ല. ഇവരുടെ പുനരധിവാസത്തിനായി സർക്കാരിന്റെ ഏതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി പുനരധിവാസം നടത്തുന്നത് നല്ലതായിരിക്കും. കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന 6 തൊഴിലാളികളും തൊണ്ട്തല്ലി കയർപിരിക്കുന്ന പത്തിനുതാഴെ എണ്ണം വരുന്ന വനിതകളും ഈ വീടുകളിൽ താമസിക്കുന്നുണ്ട്. എന്നാൽ ഇവർ ജോലി ചെയ്തുവരുന്ന സ്ഥലം ഏറ്റെടുക്കുന്നില്ല, എന്നാൽ വീട് ഒഴുപ്പിക്കുന്നതുമുഖാന്തിരം ഇവരുടെ തൊഴിൽ പ്രശ്നം ദുഷ്കരമാകുന്നു. കനാൽ നിർമ്മിക്കുന്നതോടുകൂടി നിലവിലുള്ള റോഡ് നഷ്ടമൂകുന്നതിനാൽ അവരുടെ ഗതാഗതം തടസ്സപ്പെടുന്നുണ്ട്. ഇപ്പോൾ ഉപയോഗിച്ചുവരുന്ന ഇടവിളാകം കൂനംതുരുത്തി (പനത്തുറ) റോഡിനും വടക്കോട്ട് പനത്തുറ, പൂന്തുറ (പൊഴി) റോഡിനും, തെക്കോട്ട് പനത്തുറ കൊവളം ഹോട്ടൽ സാജ് റോഡിനും ഗതാഗത തടസ്സം ഉണ്ടാകുന്നു. വീട് നഷ്ടപ്പെടുന്നവരുടെ പുനരധിവാസത്തെക്കുറിച്ചുള്ള ആശങ്കകൾ **എസ്.ഐ.എ. സ്റ്റഡി**ടീം വിശദമായി ചർച്ച ചെയ്ത് ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതാണ്. ഓൺ അലൈൻമെന്റ് അല്ലാതെ വേറെ യാതൊരു അലൈൻമെന്റിലൂടെയും പദ്ധതി നടപ്പിലാക്കാൻ കഴിയില്ല.

## 1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ ;

സാമൂഹ്യപ്രത്യാഘാത പഠനത്തിന്റെ പ്രധാന ചുമതല എന്നത് പ്രത്യക്ഷമായും പരോക്ഷമായും ഉണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തി വിശകലനം ചെയ്ത് വളരെ കൃത്യമായി രേഖപ്പെടുത്തി ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകി സാമൂഹ്യപ്രത്യാഘാത ലഘൂകരണ നടപടികൾ സ്വീകരിക്കുവാനും അവ നടപ്പിലാക്കുവാനും ഈ പഠനം വളരെ പ്രയോജനപ്രദമാണ്. നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ മൂലം 15 സർവ്വേ നമ്പരിൽപ്പെച്ച 16 വ്യക്തികളെ നേരിട്ട് ബാധിക്കുന്നു. 3 കുടുംബങ്ങളുടെ വാസസ്ഥലവും അനുബന്ധമായ കുളിമുറി, കിണർ, കക്കൂസ് എന്നിവയും നഷ്ടപ്പെടുന്നു. എന്നാൽ ഈ പ്രദേശത്തുള്ളവരുടെ ആരാധനാലയമായ ശ്രീ ബാലസുബ്രഹ്മണ്യ ക്ഷേത്രത്തിനോ, കാണിക്ക വഞ്ചിക്കോ യാതൊരുതടസ്സവും ഉണ്ടാകുന്നില്ല. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന എല്ലാവിധത്തിലുമുള്ള പ്രത്യാഘാതങ്ങളും എസ്. ഐ. എ. യൂണിറ്റ് പഠനവിധേയമാക്കിയിട്ടുണ്ട്.

## 1.6. സാമൂഹ്യ പ്രത്യാഘാത ലഘൂകരണ മാർഗ്ഗങ്ങൾ :

ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സാമൂഹ്യ പ്രത്യാഘാത പഠനത്തോടൊപ്പം പ്രത്യാഘാത ലഘൂകരണനിർദ്ദേശങ്ങൾ കൂടി എസ്.ഐ.എ.സ്റ്റഡി യൂണിറ്റ് പഠന വിധേയമാക്കിയിട്ടുണ്ട്.

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടിയോടനുബന്ധിച്ച് വിവിധതരം സാമൂഹ്യപ്രത്യാഘാതങ്ങളെ, പ്രത്യാഘാതത്തിന്റെ തരം, സ്ഥിതി വിവരം, ലഘൂകരണ മാർഗ്ഗങ്ങൾ എന്നിങ്ങനെ മൂന്നായി തരംതിരിച്ച് വിശദമായ പഠനത്തിന് വിധേയമാക്കിയിട്ടുണ്ട്.

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണമാർഗ്ഗങ്ങൾ |
|---|---|---|---|
| 1. | ഭൂമി നഷ്ടപ്പെടുന്നത് | 16 ഭൂവുടമകളുടെ ഭൂമി പ്രത്യക്ഷമായി ബാധിക്കപ്പെടുന്നു. | 2013-ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും പുന:സ്ഥാപനത്തിനുമായി അവകാശനിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് |
| 2. | ഉത്പാദനക്ഷമമായ ആസ്തികൾ നഷ്ടപ്പെടുന്നു. | തെങ്ങുകൾ 149 വലുതും 5 ചെറുതും, 5 അടക്കാമരം, 6 ചീലാന്തി മരങ്ങളും നഷ്ടപ്പെടുന്നു. | |
| 3. | പൊതു ഉപയോഗ മുതൽ നഷ്ടപ്പെടുന്നത് | വൈദ്യുതി പോസ്റ്റുകൾ, ജലവിതരണം, ജലമാലിന്യ നിർഗ്ഗമന മാർഗ്ഗങ്ങൾ, വെയിംഗ് ബ്രിഡ്ജ്, ട്രാൻസ്ഫോർമർ. | നിർമ്മാണ പ്രവർത്തനങ്ങൾക്കൊപ്പം പുന:സ്ഥാപനവും നടത്തേണ്ടതാണ്. |
| 4. | മതസ്ഥാപനങ്ങളുടെ നിർമ്മിതികൾ നഷ്ടപ്പെടുന്നത്. | ഒരു മതസ്ഥാപനത്തെയും ബാധിക്കുന്നില്ല | ശ്രീ ബാലസുബ്രഹ്മണ്യ ക്ഷേത്ര ഭാരവാഹികളുമായി കൂടിയാലോചിച്ച് നടപടികൾ കൈക്കൊള്ളേണ്ടതാണ്. |

## അദ്ധ്യായം - 2

## വിശദമായ പദ്ധതി വിവരണം

### 2.1. പദ്ധതിയുടെ പശ്ചാത്തലം

തിരുവനന്തപുരം നഗരത്തിന്റെ സമീപപ്രദേശമായ തിരുവല്ലം ശ്രീ പരശുരാമ ക്ഷേത്ര സമീപത്തുനിന്നും കഷ്ടിച്ച് 3 കിലോമീറ്റർ മാത്രം ദൂരമുള്ളതും തിരുവല്ലം വില്ലേജിൽ ബ്ലോക്ക് 29ൽ പെട്ടതും സർവ്വേ 560ൽ പാർട്ട്, 561ൽ പാർട്ടുകളിലായി സ്ഥിതിചെയ്യുന്ന 54.105 ആർ സ്ഥലമാണ് പദ്ധതിക്കുവേണ്ടി ഏറ്റെടുക്കാനുള്ളത്

പശ്ചിമഘട്ട മലനിരകൾ അമൂല്യമായ ആയുർവേദ ഔഷധ സസ്യങ്ങളുടെ ഈറ്റില്ലമാണ്. കൂടാതെ, ഹരിതാഭമായ കുന്നുകളും, മലകളും, അരുവികളും കേരളത്തിന്റെ മാത്രം പ്രത്യേക തയാണ്. പ്രകൃതി സൗന്ദര്യം ആസ്വദിക്കാൻ പല ടൂറിസ്റ്റുകളും കണ്ടുമടങ്ങുന്നിടമാണ്. പക്ഷേ കൊവിഡ് മഹാമാരികാരണം ടൂറിസ്റ്റുകളുടെ വരവ് ഗണ്യമായി കുറഞ്ഞിരിക്കുന്നസാഹചര്യത്തിൽ ഈ പദ്ധതി വളരെ അഭികാമ്യമാണ്. തിരുവനന്തപുരം ജില്ലയിലെ ഏറെ പ്രസിദ്ധമായ കോവളം അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രത്തോട് വളറെ അടുത്ത്സ്ഥിതി ചെയ്യുന്ന പ്രദേശമാണ് പനത്തുറ. കോവളം ഭാഗത്തുനിന്നും ആരംഭിക്കുന്ന പാർവതി പുത്തനാർ ദക്ഷിണകേരളത്തിന്റെ വടക്കേജില്ലയായ കാസർഗോഡ് ചരിത്രപ്രസിദ്ധമായ ബേക്കൽ തുറമുഖത്ത് എത്തിച്ചേരുന്നു. ഉൾനാടൻ ജലഗതാഗത രംഗത്ത് വിപ്ലവകരമായ മാറ്റമുണ്ടാക്കാനുതകുന്നതാണ് ഈ പദ്ധതി. പാർവതി പുത്തനാറിന്റെ രണ്ടറ്റവും പനത്തുറഭാഗത്തു വന്ന് മുഖാമുഖം നിൽക്കുന്നു. ഈ രണ്ടുഭാഗവും കൂട്ടിയോജിപ്പിക്കുമ്പോൾ കോവളം മുതൽ ബേക്കൽവരെയുള്ള ഉൾനാടൻ ജലഗതാഗതം എന്ന സ്വപ്നപദ്ധതി സഫലമാകും.

കോവളം, കഠിനംകുളം, വർക്കല(തുരങ്കം) വഴി കടന്നുപോകുന്ന ഉൾനാടൻ ജലഗതാഗതം, ആഭ്യന്തര ടൂറിസ്റ്റുകളെ മാത്രമല്ല വ്യാവസായിക മേഖലകളിലും വൻകുതിച്ചുകയറ്റം പ്രതീക്ഷിക്കാവുന്നതാണ്. കടലിന് സമാന്തരമായി കടന്നുപോകുന്ന ഉൾനാടൻ ജലഗതാഗത യാത്ര നിരവധി ഗ്രാമീണഭംഗികൾ കണ്ട് ആസ്വദിക്കാവുന്നതാണ്. ഈ പ്രദേശത്തിന്റെ കിഴക്കുഭാഗത്തായി ബൈപാസിനോട് ചേർന്ന് നിരവധി റസ്റ്റോറന്റുകളും നാടൻഭക്ഷണശാലകളും നിരന്നുകഴിഞ്ഞു. പനത്തുറഭാഗത്ത് ഇറങ്ങുന്ന ടൂറിസ്റ്റുകൾക്കും വ്യവസായപ്രമുഖർക്കും ഇതൊരനുഗ്രഹമായി മാറാം. കൂടാതെ കേരളത്തിന്റെ ടൂറിസം മാപ്പിൽ ഈ പനത്തുറ എന്ന പ്രദേശംകൂടി സ്ഥാനം പിടിക്കും എന്നുള്ളകാര്യത്തിലും നമുക്ക് അഭിമാനിക്കാം.

### 2.2. പദ്ധതി പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധം.

തിരുവനന്തപുരം ജില്ലയിലെ തിരുവല്ലം വില്ലേജിലെ പ്രധാന സ്ഥലമാണ് പനത്തുറ. സർവ്വേകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ പനത്തുറ കനാൽ പ്രായോഗികമാകുന്നതുകൊണ്ട് തദ്ദേശവാസികൾക്ക് സാമ്പത്തികമായും സാംസ്കാരികമായും സാമൂഹ്യപരവുമായുള്ള നേട്ടങ്ങളുണ്ടാകും.

## 2.3. പദ്ധതിയുടെ വലിപ്പം, സ്ഥാനം എന്നിവ :

നിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ തിരുവല്ലം വില്ലേജിൽ ബ്ലോക്ക് 29ൽ സർവേ 560 പാർ ഒന്ന്, പാട്ട് രണ്ട് തുടങ്ങി 16ഓളം സർവ്വേ നമ്പരിൽപ്പെട്ട 54.105 ആർ സ്ഥലമാണ് ടി പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്നത്.

## 2.4. പദ്ധതിയുടെ ബദൽസാധ്യതകളെ സംബന്ധിച്ച് പഠനം :

നിർദ്ദിഷ്ട പദ്ധതി നടപ്പാക്കുന്നതോടുകൂടി പനത്തുറ, കൂനംതുരുത്ത്, കിളിയന്റെ മുടുമ്പ് എന്നീ പ്രദേശങ്ങളിൽനിന്നും കുടിഒഴിപ്പിക്കപ്പെടുന്നവരെ സുരക്ഷിതമായി പുനരധിവസിപ്പിക്കേണ്ടതാണ്. ഓൺ അലൈൻമെന്റ് അല്ലാതെ വേറെ യാതൊരു അലൈൻമെന്റിലൂടെയും ഈ പദ്ധതി നടപ്പിലാക്കാൻ കഴിയില്ല.

## 2.5. നിർമ്മാണത്തിന്റെ സവിശേഷതകൾ :

ഉൾനാടൻ ജലഗതാഗതത്തിനായി പനത്തുറ, കൂനംതുരുത്ത്, കിളിയന്റെമുടുമ്പ് എന്നീ പ്രദേശങ്ങളിൽ നിന്നും 54.105 ആർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. ഈ പദ്ധതി നിർവ്വഹണ ത്തിന്റെ ചുമതല വഹിക്കുന്നത് ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റും കളക്ട്രേറ്റിലെ ബഹു. എൽ. എ. സ്പെഷ്യൽ തഹസീദാർ (എൽ. എ. എയർപോർട്ട്) ആണ്. അടിസ്ഥാനസൗകര്യങ്ങളെല്ലാം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളോടൊപ്പം പര്യാപ്തമായ രീതിയിൽ സ്ഥാപിക്കേണ്ടതാണ്.

## 2.6. അനുബന്ധ ഭൗതീക സാഹചര്യങ്ങളുടെ ആവശ്യകത :

പദ്ധതിയുടെ നിർമ്മാണത്തിൽ അനുബന്ധമായി അനുയോജ്യമായ ചില ഭൗതിക സാഹചര്യങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്.

കുടിവെള്ള പൈപ്പുകളുടെ പുനഃക്രമീകരണം, വൈദ്യുതിയുമായി ബന്ധപ്പെട്ട പുനഃ ക്രമീകരണം. പദ്ധതി പ്രദേശത്ത് സ്ഥാപിച്ചിരിക്കുന്ന കെ. എസ്. ഇ. ബി. യുടെ ട്രാൻസ്ഫോർമർ നീക്കം ചെയ്യേണ്ടതായിയട്ടുണ്ട്. കൂടാതെ ഒരു വെയിംഗ്ബ്രിഡ്ജും ഇല ക്ട്രിക് പോസ്റ്റുകളും മാറ്റി സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ഇത്തരത്തിലുള്ള ,സാങ്കേതിക തടസ്സ ങ്ങൾ സമയബന്ധിതമായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കിയാൽ നിർമ്മാണ പദ്ധതിയുടെ പൂർത്തീകരണം വേഗത്തിലാക്കാനും പൊതുജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കാനും കഴിയും.

## 2.7. തൊഴിലാളികളുടെ ആവശ്യകത :

നിർദ്ദിഷ്ട പദ്ധതിയുടെ പ്രാധാന്യം വിലയിരുത്തിക്കൊണ്ട് നിർമ്മാണ പ്രവർത്തനം വേഗത്തിൽ നടത്തുവാൻ വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ ലഭ്യത ഉറപ്പാക്കേണ്ടതാണ്. തൊഴിലാളികൾ മുതൽ പദ്ധതി പൂർത്തീകരിക്കുന്നവരെയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായും മാനവശേഷിയുടെ വിന്യാസവും ഉറപ്പുവരുത്തേണ്ടതാണ്. പദ്ധതിയുടെ സുഗമമായ പൂർത്തീകരണത്തിനുവേണ്ടി അത്യാധുനികമായ ഉപകരണങ്ങളും, വൈദഗ്ധ്യ തൊഴിലാളികളും അത്യന്താപേക്ഷിതമാണ്.

## 2.8. മുൻപ് നടത്തിയ പഠനങ്ങൾ :

ഉൾനാടൻ ജലഗതാഗതവുമായി ബന്ധപ്പെട്ട് മുൻ പഠനങ്ങൾ ഒന്നുംതന്നെ നടന്നതായി എസ്. ഐ. എ. സ്റ്റഡി യൂണിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഐ. ആർ. ഡി. എന്ന സ്ഥാപനം നിദ്ദിഷ്ട പദ്ധതി പ്രദേശത്ത് നടത്തിയതു മാത്രമാണ് ഇത്തരത്തിൽ ആദ്യത്തേതും പൂർത്തി യായതുമായ ഒരേയോരു പഠനം.

## 2.9. ഉപയുക്തമായ നയങ്ങളും നിയമങ്ങളും :

പനത്തുറ ഉൾനാടൻ ജലഗതാഗതവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ, സുതാര്യത, പുനരധിവാസം, പുനഃസ്ഥാപനം എന്നീ പ്രക്രിയകളിൽ താഴെ പറയുന്ന നിയമങ്ങളും ചട്ടങ്ങളും ബാധകമാകുന്നതാണ്.

1. 2013-ൽ നിലവിൽ വന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും,പുനരധിവാസാത്തിനും, പുനഃസ്ഥാപനത്തി നുമുള്ള അവകാശനിയമം.

2. 2015-ലെ കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും, സുതാര്യതക്കും,പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ.

3. 17-10-2015-ലെ 36253 ബി1/2014 ആർ.ഡി. നമ്പർ സർക്കാർ പരിപത്രം.

4. തുടർന്നുള്ള സർക്കാർ വിജ്ഞാപനങ്ങളും, ഉത്തരവുകളും.

5. അതത് കാലത്ത് കോടതികൾ പുറപ്പെടുവിക്കുന്ന വിധിന്യായങ്ങൾ.

©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| വാല്യം 10 Vol. X | തിരുവനന്തപുരം, വ്യാഴം Thiruvananthapuram, Thursday | 2021 ജൂലൈ 15 15th July 2021 1196 മിഥുനം 31 31st Mithunam 1196 1943 ആഷാഢം 24 24th Ashadha 1943 | നമ്പർ No. | 2094 |
|---|---|---|---|---|

ഫാറം നമ്പർ 4
ചട്ടം 11(3)

## വിജ്ഞാപനം

കെ6-252285 /2020

*2021 ജൂലൈ 14*

ചുവടെ പട്ടികയിൽ വിവരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് ഉൾനാടൻ ജലഗതാഗത വകുപ്പിനു വേണ്ടി തിരുവനന്തപുരം ജില്ലയിലെ തിരുവല്ലം വില്ലേജിൽ പാർവ്വതി പുത്തനാറിന്റെ പനത്തുറ ഭാഗത്തെ കനാൽ റീഅലൈൻമെന്റിനായി സ്ഥലം ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതിനാലും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013-ലെ (2013-ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പനുസരിച്ച് കേരള സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് താഴെ പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്.

ആയതിനാൽ, ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡെവലപ്പ്മെന്റ്, ഐ.ആർ.ഡി. സുരക്ഷ, നെഗ്രി കോട്ടേജ്, റ്റി.സി.11/18,19 , പി.എം.ജി., തിരുവനന്തപുരം (ഫോൺ നമ്പർ- 0471 4014757 , ഇ മെയിൽ irdkerala@gmail.com ) എന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റിന് അനുമതി നൽകുന്നു. ടി പ്രവർത്തി നാല്പത്തിയഞ്ച് ദിവസ കാലയളവിനുള്ളിൽ പൂർത്തിയാക്കേണ്ടതും യാതൊരു കാരണവശാലും ആറു മാസ കാലയളവിൽ അധികമാകാൻ പാടില്ലാത്തതുമാണ്.

## പട്ടിക

*ജില്ല* —തിരുവനന്തപുരം. *താലൂക്ക്* —തിരുവനന്തപുരം.

*വില്ലേജ്* — തിരുവല്ലം. *ബ്ലോക്ക് നമ്പർ* – 29.

(ഏകദേശ വിസ്തീർണ്ണമാണ് ചേർത്തിരിക്കുന്നത്)

| ക്രമ നമ്പർ | റീസർവ്വെ നമ്പർ | ഇനം |
|---|---|---|
| 1 | 560/1 ഭാഗം | പുരയിടം |
| 2 | 560/2 ഭാഗം | പുരയിടം |
| 3 | 560/5 ഭാഗം | പുരയിടം |
| 4 | 560/6 ഭാഗം | പുരയിടം |
| 5 | 561/1 ഭാഗം | പുരയിടം |
| 6 | 561/2 ഭാഗം | പുരയിടം |
| 7 | 561/3 ഭാഗം | പുരയിടം |
| 8 | 561/4 ഭാഗം | പുരയിടം |
| 9 | 561/5 ഭാഗം | പുരയിടം |
| 10 | 561/6 ഭാഗം | പുരയിടം |
| 11 | 561/7 ഭാഗം | പുരയിടം |
| 12 | 561/8 ഭാഗം | പുരയിടം |
| 13 | 561/19 ഭാഗം | പുരയിടം |
| 14 | 561/20 ഭാഗം | പുരയിടം |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| 15 | 561/21 ഭാഗം | പുരയിടം |
| 16 | 563/5 ഭാഗം | പുരയിടം |
| ആകെ വിസ്തീർണ്ണം 54.105 ആർ | | |

(ഒപ്പ്)
ജില്ലാ കളക്ടർ
*തിരുവനന്തപുരം.*

## വിശദീകരണക്കുറിപ്പ്

ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നില്ല. എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്.

തിരുവനന്തപുരം ജില്ലയിൽ തിരുവല്ലം വില്ലേജിൽ ഉൾനാടൻ ജലഗതാഗത വികസനത്തിനായി പാർവ്വതി പുത്തനാറിന്റെ പനത്തുറ ഭാഗത്തെ കനാൽ റീഅലൈൻമെന്റിനു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013-ലെ വ്യവസ്ഥകൾക്ക് വിധേയമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡെവലപ്പ്മെന്റ്, ഐ.ആർ.ഡി. സുരക്ഷ, നെഗ്രി കോട്ടേജ്, റ്റി.സി.11/18,19, പി.എം.ജി., തിരുവനന്തപുരത്തിന് അനുമതി നൽകുന്നു. ആയത് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ലെ വ്യവസ്ഥകൾക്ക് വിധേയമായി ചട്ടം 11(3) പ്രകാരം വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

(ഈ വിജ്ഞാപനം മുകളിൽ പരാമർശിച്ച ലക്ഷ്യം കൈവരിക്കുന്നതിലേക്കായി മാത്രം.)

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.07.15 08:00:42 +05:30

# അദ്ധ്യായം - 3

## വിശദമായ പദ്ധതി വിവരണം

## 3 സംഘാംഗങ്ങൾ, പഠന സമീപനം, പഠനമാർഗ്ഗം

### 3.1. പശ്ചാത്തലം :

**"ഉൾനാടൻ ജലഗതാഗതം - പാർവതിപുത്തനാറിന്റെ പനത്തുറഭാഗത്തെ കനാൽ റീ-അലൈൻമെന്റിന് ഭൂമി ഏറ്റെടുക്കൽ പദ്ധതി"**

പനത്തുറ ഉൾനാടൻ ജലഗതാഗതസംബന്ധമായി ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി ബഹുമാനപ്പെട്ട ജില്ലാഭരണകൂടം 2021 ജൂലൈ 15-ലെ 2094-ാം നമ്പർ അസാധാണ ഗസറ്റിലൂടെ ഐ. ആർ. ഡി. (ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡവലപ്മെന്റ്) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ കാരണം ആഘാതം നേരിടേണ്ടിവരുന്ന ഭൂവുടമകളുടെയും, കെട്ടിട ഉടമകളുടെയും, കുടുംബങ്ങളുടെയും, കണക്കെടുപ്പ്, സാമൂഹികാഘാതം കണക്കാക്കൽ എന്നിവയാണ് എസ്.ഐ.എ. സ്റ്റഡിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പഠനപ്രക്രിയയുടെ ഭാഗമായി പ്രാഥമിക ദ്വിതീയ വിവരങ്ങൾ ബന്ധപ്പെട്ട വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വ്യവസ്ഥാപിതമായ രീതിയിൽ ശേഖരിച്ചാണ് പഠനപ്രക്രിയ പൂർത്തീകരിച്ചിരിക്കുന്നത്. ഇതിനാവശ്യമായ ചോദ്യാവലി തയ്യാറാക്കി ആഘാത ബാധിതരായ വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ, എന്നിവ നേരിട്ട് സമീപിച്ച് വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് അവലംബിച്ചത്. കൂടാതെ കേന്ദ്രീകൃത സംഘചർച്ചകൾ സംഘടിപ്പിച്ച് (Focal Group Discussion) വിവരങ്ങളും, അഭിപ്രായങ്ങളും, ശേഖരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### 3.2. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ, പഠനവും നിർവ്വഹണ പ്ലാൻ തയ്യാറാക്കലും:

ഭൂമിയും വസ്തുവകകളും ഏറ്റെടുക്കേണ്ടിവരുകയും ആയതു ജനങ്ങളുടെ ഭൗതീകവും, സാമ്പത്തികവുമായ സുസ്ഥിരതയ്ക്കും ആഘാതം ഏൽപ്പിക്കുകയും ചെയ്യുന്ന അവസരത്തിൽ സാമൂഹ്യ പ്രത്യാഘാത പഠനവിലയിരുത്തൽ നടത്തി പുനരധിവാസ കർമ്മ പദ്ധതി ആസൂത്രണം ചെയ്യേണ്ടത് ആവശ്യമാണ്. ഭൂമി ഏറ്റെടുക്കുന്നതിനു മുമ്പുള്ള അതേഅവസ്ഥയിൽ തന്നെ ആഘാത ബാധിതരായ ജനങ്ങളുടെ ഉപജീവനോപാധികൾ പുനഃസ്ഥാപിക്കുന്നതിനുള്ള പദ്ധതികളാണ് പുനരധിവാസ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടത്. ഇത്തരത്തിലുള്ള ആവശ്യകതകൾ മുന്നിൽകണ്ടാണ് സാമൂഹിക

പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തിയത്.

പ്രധാനമായും നടത്തിയ മുന്നൊരുക്കങ്ങൾ താഴെ പറയുന്നവയാണ്.

- പദ്ധതിയുടെ സാമൂഹിക സാമ്പത്തിക പ്രത്യാഘാതങ്ങളെ സംബന്ധിച്ച വിവരശേഖരണം.
- ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ആഘാതബാധിതർ, പൊതുപ്രവർത്തകർ, പൊതുജനങ്ങൾ എന്നിവരുമായുള്ള ചർച്ചകളും, ആശയ വിനിമയങ്ങളും.
- 2013-ൽ നിലവിൽ വന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, അനുബന്ധ ചട്ടങ്ങളും വായിച്ചു മനസ്സിലാക്കുക.
- വ്യത്യസ്ത തലങ്ങളിൽ നിന്നുമുള്ള ദ്വിതീയ വിവരശേഖരണം.
- അനുയോജ്യമായ വിവരങ്ങളും, പ്രമാണങ്ങളും, റിപ്പോർട്ടുകളും പഠന വിധേയമാക്കൽ.
- തിരുവനന്തപുരം കളക്ട്രേറ്റിലെ ബഹു. എൽ. എ. സ്പെഷ്യൽ തഹസീൽദാരുടെയും അനുബന്ധ ഉദ്യോഗസ്ഥരുടെയും എസ്. ഐ. എ. സ്റ്റഡി ടീമിന്റെയും കൂട്ടായ്മയോടു കൂടിയുള്ള പദ്ധതി പ്രദേശ സന്ദർശനം.
- പദ്ധതി പ്രദേശ സന്ദർശനവും പൊതുജനങ്ങളുമായും, ജനപ്രതിനിധികളുമായും, പ്രദേശത്തെ സാമൂഹിക സാംസ്ക്കാരിക പ്രവർത്തകരുമായുള്ള ആശയവിനിമയവും.
- ആഘാതബാധിതരായ വ്യക്തികളുടെയും, കുടുംബങ്ങളുടേയും, വസ്തുവകകളുടെയും, കണക്കെടുപ്പും വിവരശേഖരണവും.
- സാമൂഹിക-സാമ്പത്തിക സ്ഥിതിവിവരങ്ങളുടെ വിശകലനം.
- പദ്ധതി പ്രദേശത്തെ ആഘാതബാധിതരായ ജനങ്ങളുമായുള്ള ചർച്ചയും അഭിപ്രായ സ്വരൂപണങ്ങളും.
- പദ്ധതി പ്രദേശത്തെ പൊതുജനങ്ങളുമായുള്ള അഭിമുഖങ്ങളും ചർച്ചയും.
- സാമൂഹ്യപ്രത്യാഘാത പഠനവിലയിരുത്തൽ റിപ്പോർട്ടിന്റെ കരടുരൂപം തയ്യാറാക്കലും, പ്രസിദ്ധീകരണവും.

### 3.3. എസ്.ഐ.എ. സ്റ്റഡി ടീം.

എസ്.ഐ.എ. സ്റ്റഡി ടീം ലീഡറായ ശ്രീ.എസ്. സോമൻ (റിട്ട. ഡെ. തഹസീൽദാർ) നേതൃത്വം വഹിക്കുന്ന സ്റ്റഡി ടീം സെൻസസ് രീതിയിലുള്ള സർവ്വെയിലൂടെ വിവരശേഖരണം, ഏകോപനം എന്നിവ നടത്തി റിപ്പോർട്ട് തയ്യാറാക്കി. കഴിഞ്ഞ 25 വർഷത്തിലധികമായി സാമൂ ഹിക പ്രവർത്തന രംഗത്ത് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്ന ഐ. ആർ. ഡി. എന്ന സ്ഥാപനത്തിന്റെ പ്രോജക്ട് ഡയറക്ടർ ശ്രീ. സി. ബാലചന്ദ്രനാണ് സംഘത്തെ നയിക്കുന്നത്.

| പേര് | പ്രൊഫൈൽ | നിയോഗിച്ചിട്ടുളള ഉദ്യോഗം |
| --- | --- | --- |
| സി.ബാലചന്ദ്രൻ | പ്രൊജക്ട് ഡയറക്ടർ | പദ്ധതി തയ്യാറാക്കൽ, ജനറൽ സൂപ്പർവിഷൻ |
| ജിസ്സ് സേവ്യർ | പ്രൊജക്റ്റ് മാനേജർ | കരട് റിപ്പോർട്ട്, വെബ്സൈറ്റ് പ്രസിദ്ധീകരിക്കൽ |
| എസ്. സോമൻ | റിട്ട. ഡെ. തഹസീൽദാർ പ്രോഗ്രാം കോ-ഓർഡിനേറ്റർ (ലീഡർ) | സാമൂഹ്യപ്രത്യാഘാത പഠനറിപ്പോർട്ട് തയ്യാറാക്കൽ. കളക്ട്രേറ്റിലെ ബന്ധപ്പെട്ട വിവിധ ഡിപ്പാർട്ട്മെന്റുകളിൽ നിന്നും ആധികാരിക രേഖകൾ ശേഖരിക്കൽ |
| ദീപാകുമാരി.എസ്.എസ് | പ്രോഗ്രാം കോ-ഓർഡിനേറ്റർ | പ്രാഥമിക വിവരശേഖരണവും ക്രോഡീകരണവും, പൊതുജന സമ്പർക്ക യോഗ റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ. |
| എസ്. ശൈലജകുമാരി | | ഡോക്കുമെന്റേഷൻ |

### 3.4. ദ്വിതീയ വിവരശേഖരണം :

പനത്തുറ പാർവ്വതീപുത്തനാറിൽ ഉൾനാടൻ ജലഗതാഗതത്തിന് കനാൽ നിർമ്മിക്കുന്നതിന് ഏറ്റെടുക്കേണ്ട ഭൂമിയിലെ ആൾക്കാരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തലിനായി വ്യത്യസ്തങ്ങളായ ദ്വിതീയ വിവരങ്ങൾ ഓരോ വ്യക്തികളിൽനിന്നും ശേഖരിക്കുകയും, പഠന വിധേയമാക്കുകയും, പ്രസക്തമായ കാര്യങ്ങൾ റിപ്പോർട്ടിൽ ഉൾക്കൊളളിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ശേഖരിച്ച വിവരങ്ങൾ പ്രാദേശിക തലത്തിൽ പലപ്രാവശ്യം ചർച്ചചെയ്യുകയും ആഘാത ബാധിതരായവരിൽ നിന്നും ശേഖരിച്ച പ്രാഥമിക വിവരങ്ങളുമായി ഒത്തുനോക്കുകയും പരസ്പര പൂരകങ്ങളാണെന്നു ബോധ്യപ്പെടുകയും ചെയ്തിട്ടുളളതാണ്. ആഘാതബാധിതമായ പ്രദേശത്തെ ഭൗതീക, സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക സ്ഥിതിയെക്കുറിച്ച് വ്യക്തമായ മുന്നറിവ് നൽകുന്നതായിരുന്നു ലഭ്യമായ ദ്വിതീയ വിവരങ്ങൾ.

### 3.5. പദ്ധതി പ്രദേശസന്ദർശനവും വിവരങ്ങൾ നൽകലും :

വിശദമായ സാമൂഹ്യ പ്രത്യാഘാതപഠന വിലയിരുത്തൽ നൽകുന്നതിനു മുന്നോടിയായി പദ്ധതി പ്രദേശം സന്ദർശിക്കുകയും പ്രാരംഭമായി സാമൂഹ്യ സാമ്പത്തിക സ്ഥിതി വിവരങ്ങളുടെ മാതൃക ശേഖരിക്കുകയും ചെയ്തു. മാതൃകാസ്ഥിതി വിവരശേഖരണത്തിൽ ഏതാനും പേരിൽ നിന്നുമായി വിവരങ്ങൾ ശേഖരിക്കുകയും, അവരുടെ പ്രതികരണം ആരായുകയും ചെയ്തു. ലഭ്യമായ പ്രതികരണങ്ങളുടെയും

ആവശ്യകതയുടെയും അടിസ്ഥാനത്തിൽ ചോദ്യാവലിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പൂർണ്ണമായ തോതിൽ ഉള്ള വിവരശേഖരണം നടത്തുകയും ചെയ്തു.

പദ്ധതി പ്രദേശവും ആഘാതബാധിതരായ വ്യക്തികളെയും കുടുംബങ്ങളെയും നേരിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 2021 ഓഗസ്റ്റ് മാസം 12-ാം തീയതി അന്തിമ മായി പ്രാഥമിക വിവരങ്ങൾ ബന്ധപ്പെട്ടവരിൽ നിന്നും നേരിട്ട് ശേഖരിക്കുകയും ലഭിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

### 3.6. സാമൂഹ്യസാമ്പത്തിക വിവര ശേഖരണം :

തിരുവനന്തപുരം ജില്ലയിലെ തിലുവനന്തപുരം താലൂക്കിൽ തിരുവല്ലം വില്ലേജിലെ ബ്ലോക്ക് 29ൽപെട്ടതാണ് നിർദ്ദിഷ്ട പദ്ധതി പ്രദേശം. പ്രാദേശിക തലത്തിൽ സാമൂഹ്യ സാമ്പത്തിക സ്ഥിതി വിവരശേഖരണം നടത്തുന്നതിനു മുന്നോടിയായി സർക്കാർ വിജ്ഞാപനത്തിൽ പ്രതിപാദിച്ചിരിക്കുന്ന ആഘാതബാധിതരായ വ്യക്തികളുടെയും, കുടുംബങ്ങളുടെയും, സ്ഥാപനങ്ങളുടെയും ഭൂരേഖ സംബന്ധിച്ച വിവരങ്ങളായ ഭൂവിസ്തൃതി, സർവ്വെ നമ്പർ, തണ്ടപ്പേര് നമ്പർ എന്നിങ്ങനെയുളള വിവരങ്ങൾ ബന്ധപ്പെട്ട തിരുവല്ലം വില്ലേജ് ഓഫീസിൽ നിന്നും ശേഖരിച്ചു. മേൽ സൂചിപ്പിച്ച രേഖകൾ അടങ്ങിയ വിവരങ്ങൾ നൽകുന്നതിന് തിരുവല്ലം വില്ലേജ് ഓഫീസർ ശ്രീ. മനോജും സഹപ്രവർത്തകരും വളരെ ആത്മാർത്ഥമായി സഹകരിക്കുകയും കാലവിളംബം കൂടാതെ പ്രസ്തുത രേഖകൾ തരു കയും ചെയ്തു. ഭൂരേഖ, ഉടമസ്ഥത എന്നിവയുടെ വിവരങ്ങൾ ഖേശരിച്ചതിനു പ്രാദേശിക തലത്തിൽ സാമൂഹ്യ-സാമ്പത്തിക സ്ഥിതിവിവര ശേഖരണം നിയതമായ ചോദ്യാവലിയുടെ സഹായത്തോടെ ആരംഭിച്ചു. ആഘാതബാധിതരായ വ്യക്തികളെ നേരിട്ടുകണ്ട് വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് അവലംബിച്ചത്.

### 3.7. സ്ഥിതിവിവരണ ക്രോഡീകരണവും പരിശോധനയും :

പദ്ധതി പ്രദേശത്ത് നിന്നും ശേഖരിച്ച സ്ഥിതിവിവരങ്ങൾ തരംതിരിച്ച് ആവശ്യമായ പരിശോധനകൾ നടത്തുകയും കൃത്യമായി രേഖപ്പെടുത്തുകയും ചെയ്തു.

### 3.8. സ്ഥിതി വിവര വിശകലനവും റിപ്പോർട്ട് തയ്യാറാക്കലും :

ശേഖരിച്ച മുഴുവൻ സ്ഥിതി വിവരങ്ങളും വ്യത്യസ്ഥ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് അന്തിമമായ അനുമാനങ്ങളിൽ എത്തിച്ചേരുകയും അവ സാമൂഹ്യ പ്രത്യാഘാത പഠന വിശകലന റിപ്പോർട്ട് തയ്യാറാക്കുന്നതിനു ഉപയോഗിക്കുകയും ചെയ്തു.

## അദ്ധ്യായം - 4

## ഭൂനിർണ്ണയം

**ആമുഖം :**

പനത്തുറ ഉൾനാടൻ ജലഗതാഗതവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കലിൽ മുഴുവൻ വ്യക്തികളുടെയും, പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുന്നവരുടെയും, സാമൂഹിക സാമ്പത്തിക സ്ഥിതി വിവരങ്ങൾ പ്രത്യേകമായി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ശേഖരിക്കുന്ന പ്രവർത്തികൾ ഓഗസ്റ്റ് മാസം രണ്ടാം വാരത്തിൽ പൂർത്തീകരിക്കുകയും, ആഘാതബാധിതമായ വസ്തുവകകൾ, ആയതിന്റെ തരം, ഉടമസ്ഥത, സ്വകാര്യ സ്വത്തിലുള്ള പ്രത്യാഘാതങ്ങൾ, ജനങ്ങളുടെ വരുമാനവും ജീവനോപാധിയും ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതത്തിന്റെ വ്യാപ്തി മുതലായ നിരവധി വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വ്യക്തമായ ചിത്രം ലഭിക്കുന്നതിന് സാമൂഹിക സ്ഥിതിവിവര കണക്കെടുപ്പ് സഹായകമായി.

**4.1. പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം :**


പദ്ധതിക്കായി മൊത്തം 54.105 ആർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. ഇതിൽ 16 സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ഭൂമിയാണ് ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതി നടപ്പിൽ വരുന്നതിലൂടെ കെ. എസ്. ഇ. ബി. യുടെ ഒരു ട്രാൻസ്ഫോർമറും ഒരു weighing Bridge, ഒരു കൊപ്രാപ്പുര, ടാർപോളിൻ മേഞ്ഞ ഒരു ചായക്കട എന്നിവയ്ക്ക് ആഘാതം ഏൽക്കുന്നുണ്ട്.

പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിലൂടെ ഉണ്ടാകാവുന്ന സാമൂഹിക പ്രത്യാഘാതത്തിന്റെ വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.


**പട്ടിക :**

| No. | Use of land | Count | Percentage |
|---|---|---|---|
| 1. | Residential | 3 | 100% |
| 2. | Road | 5 | 50% |
| 3. | Footpath | 2 | 40% |
| 4. | Temple premises | 1 | 30% |

4.2. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ രൂപരേഖ :



PANATHURA SITE
LOCATION PLAN (not to scale)
S
N
E
ARABIAN SEA
ARABIAN SEA
ARABIAN SEA
ARABIAN SEA
SEA WALL
SEA WALL
SEA WALL
Step
PANATHURA
SREE BALASUBRAHMANIYA
TEMPLE
AGNIKAVADI THARA
SEA SHORE
SEA SHORE
35.0M
21.10M
42.0M
CONCRETE ROAD TO MASJID
PARVATHY PUTHANAR
15
35.0M
(43.40M)
WEIGH BRIDGE
OFFICE
17
(53.10M)
16
CONCRETE ROAD TO KOPRA PURA
TEMPLE
BAJANAMADAM
KSEB
TRANSFORMER
(21.20M)
14
50.0M
68.0M
13
(20.50M)
(56.30M)
35.0M
HOUSE NO-1
(29.72M)
12
HOUSE NO-2
(19.75M)
(21.10M)
6
5
4
(14.20M)
3
PARVATHY PUTHANAR
11
HOUSE NO-3
35.0M
(34.55M)
10
35.0M
9
8
7
1
(22.75M)
2
(21.10M)
(20.95M)
(25.50M)
(28.4M)
ROAD TO BY PASS
CONCRETE ROAD TO DEAD END
PROPOSED ALIGNMENT
TO KOVALAM
BY PASS ROAD
TO TVPM
ASSISTANT EXECUTIVE ENGINEER
INLAND NAVIGATION SUB DIVISION
THIRUVANANTHAPURAM
OFFICE OF THE ASSISTANT EXECUTIVE ENGINEER
Asst. Engineer
Assistant Engineer
Inland Navigation, Section No I
PATC Jn., Thiruvananthapuram






ASSISTANT EXECUTIVE ENGINEER
INLAND NAVIGATION SUB DIVISION
THIRUVANANTHAPURAM

Assistant Engineer
Inland Navigation, Section No.I
PMG Jn. Thiruvananthapuram

# ALIGNMENT SKETCH

DISTRICT : THIRUVANANTHAPURAM
TALUK : THIRUVANANTHAPURAM
VILLAGE : THIRUVALLAM
BLOCK NO : 29
SURVEY NO : 560/2,5,6,10
561/1,2,3,4,5,6,7,8





## ABSTRACT

| BLOCK NO : 29 | | | |
|---|---|---|---|
| SURVEY NO | SUBDIVISION NO | AREA | |
| 561 | 1pt | 613.00 m2 | 613 |
| | 2pt | 239.00 m2 | x |
| | 3pt | 1167.00 m2 | 744 |
| | 4pt | 56.00 m2 | x |
| | 5pt | 248.00 m2 | 203 |
| | 6pt | 21.00 m2 | 101 |
| | 7pt | 189.00 m2 | 950 |
| | 8pt | 363.00 m2 | 300 |
| | 19pt | 147.00 m2 | x |
| | 20 | 413.00 m2 | |
| | 21pt | 338.00 m2 | x |
| 560 | 2pt | 217.00 m2 | 240 |
| | 5pt | 199.00 m2 | 290 |
| | 6pt | 9.00 m2 | 105 |
| TOTAL AREA | | 4219.00 m2 | |

| IRRIGATION<br>PROPOSED ALIGNMENT BETWEEN SY NO 560/2,5,6,10 - 561/1,2,3,4,5,6,7,8 | OFFICE OF THE DEPUTY CHIEF ENGINEER THIRUVANANTHAPURAM |
|---|---|
| THIRUVALLAM - THIRUVANANTHAPURAM SECTION | |
| LAND ACQUISITION PLAN<br>AREA 4251.00 m2 | |
| SCALE 1 : 1000   DRG . NO 11.12.2019 | |




ASSISTANT EXECUTIVE ENGINEER
INLAND NAVIGATION SUB DIVISION
THIRUVANANTHAPURAM

Assistant Engineer
Inland Navigation, Sec...
PMG Jn., Thiruvananthapuram

### 4.3. **നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരുന്ന ഭൂമി :**

പനത്തുറ ഉൾനാടൻ ജലഗതാഗതത്തിനായി തിരുവല്ലം വില്ലേജിലെ ബ്ലോക്ക് 29ൽപ്പെട്ട 54.105 ആർ സ്ഥലമാണ് പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരുന്നത്. പദ്ധതി പ്രദേശത്ത് മുഴുവൻ ഭൂമിയും സ്വകാര്യവ്യക്തികളുടെതാണ്.

### 4.4. **പൊതു സ്ഥലത്തിന്റെ ഉപയോഗം**

ക്ഷേത്രംവക ഭൂമിയുടെ കുറച്ചുഭൂഗം ഏറ്റെടുക്കുന്നുണ്ട്.

### 4.5. **നിർദ്ദിഷ്ട പദ്ധതിയ്ക്കായി ഏറ്റെടുത്ത ഭൂമി :**

നിർദ്ദിഷ്ട പദ്ധതിക്കായി നിലവിൽ ഭൂമി ഒന്നുംതന്നെ ഏറ്റെടുത്തിട്ടില്ല.

### 4.6. **ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവു സംബന്ധിച്ച വിവരങ്ങൾ :**

നിർദ്ദിഷ്ട പദ്ധതിയ്ക്കായി തിരുവല്ലം വില്ലേജിലെ ബ്ലോക്ക് 29ൽപ്പെട്ട 54.105 ആർ പുരയിടമാണ് ഏറ്റെടുക്കേണ്ടിവരുന്നത്. ഭൂരിഭാഗവും സ്വകാര്യ ഉടമകളുടെയും കുറച്ചുഭാഗം ക്ഷേത്രത്തിന്റെ തായിട്ടുമുണ്ട്.

ഏറ്റെടുക്കുന്ന കരപ്രദേശം സ്വകാര്യ വ്യക്തികളുടെതാണ്. അതിൽ ഉൾപ്പെടുന്ന വാസഗൃഹങ്ങൾ, മരങ്ങൾ എന്നിവയെ പദ്ധതി ബാധിക്കുന്നുണ്ട്. തരം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധത്തിൽ ചേർക്കുന്നു.

| ക്രമനമ്പർ | കൈവശക്കാരന്റെ പേര് | മരങ്ങളുടെ എണ്ണം |
|---|---|---|
| 1 | കൃഷ്ണമ്മ | തെങ്ങ് - വലുത് 13, ചെറുത് - 1 |
| 2 | പ്രേമകുമാരി | തെങ്ങ് - വലുത് 6, ചെറുത് - 3 |
| 3 | മഞ്ചു | തെങ്ങ് - വലുത് 14, ചെറുത് - 1 |
| 4 | അനിത | തെങ്ങ് - വലുത് 5 |
| 5 | ശ്രീകുമാർ | തെങ്ങ് - വലുത് 13, ചെറുത് - 1,<br>കവുങ്ങ് - 1, ചീലാന്തി - 2 |
| 6 | അീനാക്ഷി | തെങ്ങ് - വലുത് 1 |
| 7 | വസുമതി, വാസന്തി, വത്സല | തെങ്ങ് - വലുത് 4, കവുങ്ങ് - 3, ചീലാന്തി- 2 |
| 8 | ഡോ. ദിനേശ്, ലാലി | തെങ്ങ് - വലുത് 28, ചീലാന്തി - 1 |
| 9 | പ്രസാദ് | തെങ്ങ് - വലുത് 24 |
| 10 | ഷാഹുൽഹമീദ് | തെങ്ങ് - വലുത് 8, ചീലാന്തി - 2 |
| 11 | ഷാഹുൽഹമീദ് | തെങ്ങ് - വലുത് 13 |
| 12 | അമ്പലംവക | തെങ്ങ് - വലുത് 20 |
| | **ആകെ** | **തെങ്ങ് - വലുത് 149 ചെറുത് 5**<br>**ചീലാന്തി - 6**<br>**കവുങ്ങ് - 5** |

### 4.7. മുൻകാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ :

വിവരദാതാക്കളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി പ്രദേശത്തെ ഭൂഉടമകളിൽ ഭൂരിഭാഗവും പാരമ്പര്യമായി കൈമാറ്റം ചെയ്ത ഭൂമി കൈവശ അവകാശമായി അനുഭവിച്ചു വരുന്നവരാണ്.

## അദ്ധ്യായം - 5

## മൂല്യനിർണ്ണയവും വിശകലനവും

### 5.1. ആമുഖം :

ഭൂമി ഏറ്റെടുക്കൽ മൂലം ഭൂവുടമകൾക്ക് പ്രത്യക്ഷവും പരോക്ഷവുമായുളള നഷ്ടങ്ങളുടെ കണക്കെടുപ്പിനെയാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ഇവരുടെ വീടും വസ്തുക്കളും ഏറ്റെടുക്കുന്നതോടുകൂടി മത്സ്യബന്ധനം നടത്തിയും കയർപിരിച്ച് ഉപ ജീവനം നടത്തിയിരുന്നവർക്കും മറ്റ് പ്രദേശങ്ങളിൽ മാറിതാമസിക്കേണ്ടിവരുന്നതിനാൽ അവ രുടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്നു.

### 5.2. പദ്ധതിമൂലം പ്രത്യക്ഷമായി ബാധിക്കപ്പെടുന്നത് :

പദ്ധതി നടപ്പിലാക്കപ്പെടുന്നതോടുകൂടി ആരുടയെുംതന്നെ ഉപജീവനമാർഗ്ഗം പൂർണ്ണമായും നഷ്ടപ്പെടുന്നില്ല. പദ്ധതിപ്രദേശത്ത് യാതൊരു കച്ചവട സ്ഥാപനവുമില്ല. 3 വ്യക്തികളുടെ വാസസ്ഥലം പൂർണ്ണമായും നഷ്ടപ്പെടും.

### 5.3. പരോക്ഷമായി ബാധിക്കപ്പെട്ടത് :

നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ അതിന്റെ പ്രത്യാഘാതം പരോക്ഷമായി ബാധിക്കുന്നത് പനത്തുറ ശ്രീ ബാലസുബ്രഹ്മണ്യ ക്ഷേത്തിന്റെ വസ്തുവിനെ യാണ്. മറ്റ് വികസന പ്രവർത്തനങ്ങൾ അമ്പലത്തിന്റെതായി നടപ്പിലാക്കാൻ കഴിയുന്നില്ല എന്ന് അമ്പലത്തിന്റെ ഭരണസമിതി പ്രസിഡന്റ് പങ്കുവച്ചു.

### 5.4. ബാധിത കുടുംബങ്ങൾ :

3 വ്യക്തികളുടെ വാസഗൃഹം പൂർണ്ണമായി നഷ്ടപ്പെടുന്നു. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

| ക്രമനമ്പർ | ഉടമകളുടെ പേര് | സർവ്വേ നമ്പർ |
|---|---|---|
| 1 | ശശി .ബി, പ്രേമകുമാരി .ജെ (4 കുടുംബം) | 561/19 |
| 2 | സുരൻ .എ, അനിത .എസ്, സുജിത് .എസ്, സുജിന്തിനി .എ. എസ് | 561/5-1<br>561/5-1-1 |
| 3 | മീനാക്ഷി. പി. | 561/5 (24) |
| 4 | സജു, പ്രീതി (ഒറ്റമുറി വീട്) | 561/5 (24) |

## 5.5. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗ്ഗവും :

ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഭൂഉടമകളുടെ താമസ സൗകര്യം പൂർണ്ണമായി നഷ്ടപ്പെടുന്നു. കൂടുതൽപേരും മത്സ്യതൊഴിലാളികളായതിനാൽ അവരുടെ ഉപജീവനമാർഗ്ഗവും പൂർണ്ണമായി നഷ്ടപ്പെടുന്നു. ഏറ്റെടുക്കുന്നഭൂയിൽ കൃഷിചെയ്ത് ഉപജീവനം നടത്തിവരുന്നു.

### അധികമായി ലഭിച്ച വിവരങ്ങൾ

- ❖ തിരുവല്ലം വില്ലേജിൽ ബ്ലോക്ക് 29ൽ സർവ്വെ നമ്പർ 561/7 (13881) പെട്ട 20 സെന്റ് സ്ഥലത്തിന് ഗീതയും ഭർത്താവായ വിജയകുമാറും അവകാശികളായുള്ള പ്രമാണം ഹാജരാക്കി. എന്നാൽ ഈ സാമ്പത്തികവർഷം സമർപ്പിച്ച കരം അടച്ച രസീതിൽ വിജയകുറിന്റെ പേര് ഉൾപ്പെട്ടതായി കാണുന്നില്ല. ഈ വിവരം തിരുവല്ലം വില്ലേജ് ഓഫീസറെ ഫോൺമുഖാന്തിരം അറിയിച്ചിട്ടുണ്ട്.

- ❖ സർവ്വെ നമ്പർ 561/21 (26147) ഭാസ്കരൻ മകൻ ശ്രീകുമാരൻ എന്ന ആളിന്റെ പേരിലുള്ള 7.30 ആർ സ്ഥലംകൂടി നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. എന്നാൽ വില്ലേജ് ഓഫീസിൽ നിന്നും ലഭിച്ച തണ്ടപ്പേർ ലിസ്റ്റിൽ ടിയാന്റെ പേര് ഉൾപ്പെടുത്തിയിട്ടില്ല.

- ❖ സർവ്വെ നമ്പർ 561/19 11.5 സെന്റ് വസ്തുവിൽ ചെറിയ ഒരു കോൺക്രീറ്റ് കെട്ടിടമുണ്ട്. ഈ കെട്ടിടത്തിനുള്ളിൽ 4 കുടുംബങ്ങളിലായി 12 ലധികം ആൾക്കാർ താമസമുണ്ട്. ഇതിൽനിന്നും സജു, പ്രീതി എന്നിവർ ഈ വീടിനോട് ചേർന്ന് ഒരു കോൺക്രീറ്റ് ചെയ്ത ഒരു കിടപ്പുമുറിയിലാണ് കഴിയുന്നത്. ഈ കെട്ടിടവും പദ്ധതിക്കുവേണ്ടി പൊളിച്ചുമാറ്റേണ്ടതായിട്ടുണ്ട്. ഏറ്റെടുക്കുന്ന ഭൂമി കഴിഞ്ഞുള്ള ഉദ്ദേശം 2 സെന്റ് ഭൂമികൂടി ഉപയോഗമില്ലാതെ വരുന്നതിനാൽ അതുംകൂടി ഏറ്റെടുക്കണമെന്ന അഭിപ്രായം അവർ അറിയിച്ചു.

- ❖ സർവ്വെ നമ്പർ 561/8 (35773)അഹമ്മദ് ബഷീറിനുവേണ്ടി ഭാര്യ ഹസ്സീനാമീരാ ബീവി എന്നയാൾ നേരിട്ട് ബന്ധപ്പെട്ടു. അഹമ്മദ് ബഷീർ എന്നയാൾ മരണപ്പെട്ടിട്ടുള്ളതാണ്. ഇവരുടെ ദാമ്പത്യത്തിൽ മക്കൾ ഇല്ലായെന്ന് അറിയിച്ചു
.

- ❖ പ്രസ്തുത പദ്ധതി നടപ്പിൽ വരുന്നതുകൊണ്ട് പാരിസ്ഥിതിക പ്രശ്നങ്ങൾ ഒന്നും തന്നെ ഉണ്ടാകാനിടയില്ല.

## അദ്ധ്യായം - 6

### സാമൂഹിക സാമ്പത്തിക സാംസ്ക്കാരിക അവലോകനം

പദ്ധതി പ്രദേശത്ത് 16 സ്വകാര്യ ഭൂവുടമകളുടെ ഭൂമിയാണുളളത്. സ്വകാര്യ വ്യക്തികൾ എല്ലാംതന്നെ വിവിധ ജാതി മതങ്ങളിൽ ഉൾപ്പെട്ടവരാണ്. ഭൂവുടമകൾ എ.പി.എൽ. വിഭാഗത്തിലും ബി. പി. എൽ വിഭാഗത്തിലും ഉൾപ്പെട്ടവരാണ്.

| Sr. No. | Name | A.P.L. | B.P.L. | Others |
|---|---|---|---|---|
| 1 | ശശി .ബി, പ്രേമകുമാരി .ജെ<br>അശ്വതി ഭവൻ, കിളിയന്റെ മുടുമ്പ് വീട്,<br>പാച്ചല്ലൂർ പി. ഒ.,തിരുവല്ലം. | | ✓ | |
| 2 | ശ്രീകുമാരൻ . ബി<br>പുതുവൽ പുത്തൻ വീട്,<br>പാച്ചല്ലൂർ പി. ഒ., തിരുവല്ലം. | ✓ | | |
| 3 | എ. ഷാഗുൽ ഹമീദ് | | | |
| 4 | ജയപ്രസാദ് . കെ<br>ഗോകുലം TC 48/134/2 പൂന്തുറ യു. പി. എസ്. ലെയിൻ<br>അമ്പലത്തറ | | | ✓ |
| 5 | ഗോമതി . പി<br>ഗോകുലം, യു. പി. എസ്. ലെയിൻ,<br>അമ്പലത്തറ, പൂന്തുറ പി.ഒ. | | | ✓ |
| 6 | കെ. രാജൻ<br>TC 55/1300<br>ഉത്രാടം, വടക്കേത്തോപ്പ് ലെയിൻ<br>നീറമൺകര | | | ✓ |
| 7 | ലാലി . പി<br>കൊല്ലൂർ ലെയിൻ<br>TC 13/1107<br>കണ്ണമ്മൂല | ✓ | | |
| 8 | വസുമതി .ബി, വത്സല, വാസന്തി<br>മുടുമ്പ് വീട്, പാച്ചല്ലൂർ | | ✓ | |
| 9 | ഹസീന ബീവി<br>W/o (Late) അഹമ്മദ് ബഷീർ<br>48/563/52, നാഷണൽ നഗർ,<br>മണക്കാട് പി. ഒ. | | | ✓ |
| 10 | മീനാക്ഷി. പി.<br>കിളിയന്റെമുടുമ്പ് വീട്<br>പനത്തുറ, പാച്ചല്ലൂർ പി. ഒ. | | ✓ | |

| | | | | |
|---|---|---|---|---|
| 11 | ബി. കൃഷ്ണമ്മ<br>കോട്ടയിൽ വീട്<br>TC 50/584<br>കാലടി പി. ഒ. | ✓ | | |
| 12 | ഓമന .എസ്<br>മഞ്ചു ഭവൻ, വടക്കേ<br>കൂനംതുരുത്തിൽ,<br>പാച്ചല്ലൂർ പി. ഒ. തിരുവല്ലം | ✓ | | |
| 13 | സുരൻ .എ, അനിത .എസ്,<br>സുജിത് .എസ്,<br>സുജിന്തിനി .എ. എസ്<br>കിളിയന്റെമുടുമ്പ് വീട്<br>പനത്തുറ, പാച്ചല്ലൂർ പി. ഒ. | | ✓ | |
| 14 | വിജയകുമാർ, ഗീത<br>അപർണ്ണ നിവാസ്, മന്ദംനഗർ<br>പാച്ചല്ലൂർ. | ✓ | | |
| 15 | ശശിധരൻ .പി<br>വടക്കേകൂനംതുരുത്തിൽ<br>തൈനട വീട്, പ നത്തുറ<br>പാച്ചല്ലൂർ പി. ഒ. | | | ✓ |
| 16 | പ്രദീപ്<br>പ്രസിഡന്റ്, അരയസമുദായംവക<br>സുബ്രഹ്മാമണ്യസ്വാമി ക്ഷേത്രം, ഷെഡ്, ഭജ<br>നമഠം, ട്രാൻസ്ഫോർമർ | | | |

# അദ്ധ്യായം - 7

## സാമൂഹ്യ പ്രത്യാഘാത നിർവ്വഹണപദ്ധതി

### 7.1. ആഘാതം കുറക്കേണ്ട മാർഗ്ഗങ്ങളുടെ രൂപരേഖയും സമീപനങ്ങളും

പനത്തുറ ഉൾനാടൻ ജലഗതാഗത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതിയുടെ രൂപകൽപന, നിർമ്മാണപ്രവർത്തനങ്ങൾ, പദ്ധതി പ്രവർത്തനങ്ങൾ എന്നിവ കാരണമുണ്ടാകുന്ന സാമൂഹിക പ്രത്യാഘാതങ്ങൾ ഇല്ലാതാക്കുന്നതിനോ, കുറക്കുന്നതിനോ എസ്.ഐ.എ. സ്റ്റഡി നടത്തുന്നതിലൂടെ, വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യക്ഷ, പരോക്ഷ പ്രത്യാഘാതങ്ങൾ മുൻകൂട്ടി തിരിച്ചറിയാനും ആഘാതത്തിന്റെ തോത് കുറയ്ക്കുവാനും സാധിക്കും.

### 7.2. വിവിധ ഘട്ടങ്ങളിലൂടെ ആഘാത വിശകലനം

| നിർമ്മാണത്തിനുമുമ്പ് | നിർമ്മാണഘട്ടം | പ്രവർത്തനഘട്ടം |
|---|---|---|
| ഭൂമി ഏറ്റെടുക്കൽ | വീടുകൾ പൊളിക്കുമ്പോഴുണ്ടാകുന്ന മാലിന്യങ്ങൾ | |
| നിർമ്മിതികൾ ഏറ്റെടുക്കൽ | പൊളിക്കപ്പെടുന്ന വീടുകളിലെ സെപ്റ്റിക് ടാങ്കുകളിലെ മാലിന്യങ്ങൾ | |
| | നിർമ്മാണഘട്ടത്തിലെ തൊഴിൽ | നിർമ്മിക്കപ്പെടുന്ന കനാലിലൂടെ ബോട്ടുകൾക്ക് സുഗമമായി സഞ്ചരിക്കാനുള്ള പാത നിർമ്മിക്കൽ, മേൽപാത നിർമ്മാണം, നിലവിലുള്ള റോഡുകളുടെ പുനസ്ഥപനത്തിലൂടെ വളരെ വേഗം പദ്ധതി നടപ്പിലാക്കാൻ കഴിയുന്നു. |
| | പുറമേ നിന്നുളള തൊഴിലാളികൾ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വരുന്നതിലൂടെ തദ്ദേശീയരായ തൊഴിലാളികളുടെ തൊഴിൽ സാധ്യതകൾ കുറയുകയും, മാലിന്യം, പകർച്ചവ്യാധികൾ എന്നീ | |

| | | |
|---|---|---|
| | ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് സംശയിക്കപ്പെടുകയും ചെയ്യുന്നു. മാലിന്യം, ശുചിത്വമില്ലായ്മ, പകർച്ച വ്യാധികൾ എന്നിവയ്ക്കുളള സാധ്യതകൾ. | |
| തൊഴിലാളികളുടെയും പരിസരത്ത് താമസിക്കുന്നവരുടെയും അപകടസാധ്യതകളും സുരക്ഷയും | | |

**7.3. ആഘാതബാധിതരുടെ തരം :**

***1 പ്രാഥമിക ആഘാത ബാധിതർ :***

ഭൂവുടമസ്ഥർ, കെട്ടിടങ്ങളുടെയും നിർമ്മിതികളുടെയും ഉടമസ്ഥർ, ജോലിചെയ്യുന്ന തൊഴിലാളികളും അനുബന്ധ ഉദ്യോഗസ്ഥരും സ്റ്റാഫും.

***2. ദ്വിതീയ ആഘാത ബാധിതർ :***

പദ്ധതി പ്രദേശത്തിന്റെ ചുറ്റുപാടും താമസിക്കുന്ന വ്യക്തികളും, കുടുംബങ്ങളും കയർമേഖലയിൽ ജോലിചെയ്ത് ഉപജീവനം നടത്തുന്നവരും.

***7.4. പൊതുജനങ്ങളുടെ ആശങ്കകൾ :***

**(എ) ആരോഗ്യം :**

പനത്തുറ ഉൾനാടൻ ജലഗതാഗതത്തിനായി കനാൽ നിർമ്മിക്കുമ്പോൾ നിലവിലുള്ള റോഡ് പൊളിക്കേണ്ടിവരുന്നതിനാൽ അടിയന്തിരമായി മേൽപ്പാലം നിർമ്മിക്കുമോ എന്നുളള ആശങ്ക.

**(ബി) ശുദ്ധജലം** : പദ്ധതി പ്രദേശത്ത് കുടിവെള്ളം തടസ്സപ്പെടുമോ എന്നുളള ആശങ്ക.

**(സി) മലിനജല നിർമ്മാർജ്ജനം** : വീടുകൾ പൊളിക്കുമ്പോഴുണ്ടാകുന്ന മാലിന്യങ്ങൾ ആരോഗ്യപ്രശ്**നങ്ങൾ ഉണ്ടാക്കുമോ എന്നുളള ആശങ്ക.**

**(ഇ) വൈദ്യുതി** - നിലവിലുള്ള കെ. എസ്. ഈ. ബി. യുടെ ട്രാൻസ്ഫോർമർ മാറ്റുമ്പോഴുണ്ടാകാവുന്ന വൈദ്യുതി വിതരണ പ്രശ്നങ്ങളെ ബാധിക്കുമോ എന്നുളള ആശങ്ക.

**(എഫ്) കുടിവെള്ളം** - വീടുകളിലേക്ക് വാട്ടർ അതോറിറ്റി നൽകിയിട്ടുള്ള ശുദ്ധജലവിതരണം സമയബന്ധിതമായി പുനസ്ഥാപിച്ചുകിട്ടുമോ എന്ന ആശങ്ക.

**പരിഹാരമാർഗ്ഗം**

മേൽപറഞ്ഞ ആശങ്കകൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ സമയോചിതമായ ഇടപെടലുകളും കാര്യക്ഷമതയും അനിവാര്യമാണ്.

## 7.5. സാമൂഹിക പ്രത്യാഘാതം ലഘൂകരിക്കാനും നഷ്ടപരിഹാരത്തിനുമുള്ള മാർഗ്ഗങ്ങൾ :

1. 23-09-2015 - ലെ 485/15/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരമുള്ള സർക്കാർ നയത്തിനനുസരിച്ച് ഭൂ ഉടമകളുമായി ചർച്ച നടത്തി നിലവിലെ കമ്പോള വില ലഭ്യമാക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക.

2. 29-12-2017 ൽ പ്രസിദ്ധീകരിച്ച സർക്കാർ നയമനുസരിച്ചുള്ള പുനരധിവാസ, പുനസ്ഥാപന ആനുകൂല്യങ്ങൾ ഉറപ്പാക്കുക.

3. പദ്ധതി ആസൂത്രണ-നിർവ്വഹണ സമയങ്ങളിൽ സർവ്വേപ്രകാരം നിഷ്കർഷിച്ചിട്ടുള്ള സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്.

### 7.6. ഭൂമി ഏറ്റെടുക്കൽ, പുനരധിവാസവ്യവസ്ഥകൾ :

എൽ.എ.ആർ.ആർ. ആക്ട് RTFCT അനുസരിച്ച് ന്യായമായ നഷ്ടപരിഹാരം നൽകുകയും പനരധിവാസം നടത്തേണ്ടതുമാണ്.

## 7.7. വിവിധ തരത്തിലുള്ള ആഘാതത്തിന്റെ തീവ്രത ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങൾ :

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതിവിവരം | ലഘൂകരണമാർഗ്ഗങ്ങൾ |
|---|---|---|---|
| 1. | ഭൂമി നഷ്ടപ്പെടുന്നത് | 16 ഭൂവുടമകളുടെ ഭൂമി പ്രത്യക്ഷത്തിൽ ബാധിക്കുന്നു. | 1. 23-09-2015 - ലെ 485/15/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരമാള്ള സർക്കാർ നയത്തിനനുസരിച്ച് ഭൂ ഉടമകളുമായി ചർച്ച നടത്തി നിലവിലെ കമ്പോള വില ലഭ്യമാക്കുന്നതിനുള്ളസാഹചര്യം ഒരുക്കുക. |
| 2. | ഉപജീവന സാദ്ധ്യതകൾ നഷ്ടപ്പെടുന്നത് | 3 കുടുംബത്തിലെ 10 ഓളം വരുന്ന വനിതകളുടെ ഉപജീവനമാർഗ്ഗം കയർമേഖലയാണ്. ഇത് പദ്ധതിപ്രദേശത്ത്നിന്നും അകലെ ആയതി | 29-12-2017 ൽ പ്രസിദ്ധീകരിച്ച സർക്കാർ നയമനുസരിച്ചുള്ളപുനരധിവാസ, പുനസ്ഥാപനആനുകൂല്യങ്ങൾ |

| | | | |
|---|---|---|---|
| | | നാൽ ഉപജീവനത്തിന് ഭീഷണി ഇല്ല. | ഉറപ്പാക്കുക. |
| 3. | ഉത്പാദനക്ഷമമായ ആസ്തികൾ നഷ്ടപ്പെടുത്തുന്നത് | | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം നിർമ്മാണ പ്രവർത്തികൾ നടക്കുന്നതിനോടൊപ്പം തന്നെ പുനഃസ്ഥാപനവും നടത്തുക. |
| 4. | പൊതു ഉപയോഗ മുതലുകൾ നഷ്ടപ്പെടുന്നത് | ശുദ്ധജല വിതരണം, ജലമാലിന്യനിർഗ്ഗമന മാർഗ്ഗങ്ങൾ, വൈദ്യുതി, ടെലഫോൺ കാലുകൾ, വയറുകൾ | |
| 5. | മതസ്ഥാപനങ്ങളുടെ നിർമ്മിതികൾ നഷ്ടപ്പെടുന്നത് | ഒരുപ്രധാനപ്പെട്ട ക്ഷേത്രത്തിലേക്കുള്ള റോഡിന് തടസ്സമുണ്ടാകുന്നതോടുകൂടി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകും. | നിർമ്മാണപ്രവർത്തികൾനടക്കുന്നതിനോടൊപ്പംതന്നെപുനഃസ്ഥാപനവും നടത്തുക. |

## അദ്ധ്യായം - 8

## സാമൂഹ്യ പ്രത്യാഘാത നിർവ്വഹണപദ്ധതി ഒരു രൂപരേഖ

പനത്തുറ ഉൾനാടൻ ജലഗതാഗത പദ്ധതി 2013ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുളള അവകാശ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുളള പൊതു ആവശ്യമെന്ന ശീർഷകത്തിൽ വരുന്നതാണ്. കാലാകാലങ്ങളായി ഭൂമിയും വസ്തുവകകളും കൈവശംവച്ചും ഉടമസ്ഥപ്പെടുത്തിയും വരുന്ന പ്രാഥമിക ആഘാത ബാധിതരും ഭൂമിയുടെയും നിർമ്മിതകളുടെയും ഉടമസ്ഥരുമായ വ്യക്തികളും കുടുംബങ്ങളുംമ്ണ് ഈ ഭൂമി കൈവശം വച്ചിരിക്കുന്നത്. ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ തൊഴിൽ എടുക്കുന്നവരാരും തന്നെ ആഘാതബാധിതരാകുന്നില്ല എന്നുള്ളതാണ് സാമുഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം വെളിപ്പെടുത്തുന്നത്. ആയതിനാൽ 2013 ലെ നിയമങ്ങളും അനുബന്ധ ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന എല്ലാ നഷ്ടപരിഹാരവും സർക്കാർ നിജപ്പെടുത്തി നൽകിക്കൊണ്ട് സമൂഹ്യപ്രത്യാഘാതങ്ങൾ പരമാവധി കുറയ്ക്കാവുന്നതാണ്.

നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് 16 ഭൂവുടമകളാണ് ഉളളത് 3-ഓളം കുടുംബങ്ങൾ ഇവിടെ താമസിക്കുകയും ചെയ്യുന്നു.

## അദ്ധ്യായം - 9

## സാമൂഹ്യ പ്രത്യാഘാത നിർവ്വഹണപദ്ധതി ഒരു രൂപരേഖ

### സ്ഥാപനഘടനയും പ്രധാന വ്യക്തികളും

പനത്തുറ ഉൾനാടൻ ജലഗതാഗതം, ഭൂമി ഏറ്റെടുക്കൽ, പദ്ധതി പ്രദേശത്തെ ഭൂമി ഏറ്റെടുക്കൽ വഴി ബാധിതരായ വ്യക്തികൾക്കും കുടുംബങ്ങൾക്കുമുള്ള പുരധിവാസ പുനഃസ്ഥാപന പ്രവർത്തികളെ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് അഡ്മിനിസ്ട്രേറ്ററെ സംസ്ഥാന സർക്കാർ നിയമിച്ച് ഉത്തരവാകണമെന്ന് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും ചട്ടങ്ങളും വ്യവസ്ഥ ചെയ്യുന്നത്. ഇതിൻപ്രകാരം നിയമിതനായ അഡ്മിനിസ്ട്രേറ്റർ സംസ്ഥാന സർക്കാരിന്റെയും പുനരധിവാസ പുനഃസ്ഥാപന കമ്മീഷണറുടേയും മേൽനോട്ടത്തിലും നിയന്ത്രണത്തിലും നിർദ്ദേശങ്ങൾ അനുസരിച്ച് പുനരധിവാസ പുനസ്ഥാപന പ്ലാൻ തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണെന്നും ഗതിനിയന്ത്രണം നടത്തേണ്ടതാണെന്നും നിയമം അനുശാസിക്കുന്നു.

മേൽപറഞ്ഞ പ്രകാരം 2013 ലെ നിയമം അനുശാസിക്കുന്ന രീതിയിൽ അനുയോജ്യമായ നഷ്ടപരിഹാരം നൽകിക്കൊണ്ടുള്ള ആഘാത ലഘൂകരണ മാർഗ്ഗങ്ങളിലൂടെ പനത്തുറ ഉൾനാടൻ ജലഗതാഗത പദ്ധതിക്കായി പുനരധിവാസ കേന്ദ്രം നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ഭൂമി പ്രയാസങ്ങളും എതിർപ്പുകളും പരമാവധി ലഘൂകരിച്ചുകൊണ്ട് ഏറ്റെടുക്കാൻ സാധിക്കുന്നതാണ്. സംസ്ഥാന സർക്കാർ 2015 സെപ്റ്റംബർ 23 ലെ ഉത്തരവ് (എം.എസ്) നമ്പർ 485/15/ആർ.ഡി, സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുക്കൽ സുതാര്യതയ്ക്കായുള്ള നയം എന്നിവ സുപ്രധാത രേഖകളാണ്.

എല്ലാജില്ലകളിലും ന്യായവില, പുനരധിവാസ പുനസ്ഥാപന കമ്മിറ്റികൾ, രൂപവൽക്കരി ച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിന്റെ വേഗത കൂട്ടാനും സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്ന തിനും വേണ്ടി ജില്ലാ കളക്ടർ, അഡ്മിനിസ്ട്രേറ്റർ (പുനരധിവാസം, പുനസ്ഥാപനം) ലാന്റ് അക്വിസിഷൻ ഓഫീസർ, ഫിനാൻസ് ഓഫീസർ, അർഥനാധികാരി, പ്രാദേശിക സ്വയംഭരണ സ്ഥാപനത്തിലെ പ്രതിനിധി തുടങ്ങിയവർ അംഗങ്ങളായ സമിതി മേൽനോട്ടം വഹിക്കുന്നു.

# അദ്ധ്യായം - 10

## സാമൂഹ്യ പ്രത്യാഘാത നിർവ്വഹണപദ്ധതി ഒരു രൂപരേഖ

2013 ലെ എൽ.എ.ആർ.ആർ. ആക്ട് അനുസരിച്ച് ആർ.റ്റി.എഫ്.സി.റ്റി. പ്രകാരമുള്ള നഷ്ടപരിഹാരം ഭൂ ഉടമകൾക്ക് നൽകിയോ എന്നും ന്യായമായ നഷ്ടപരിഹാരം ലഭിച്ചോ എന്നുള്ളതും നിരീക്ഷിക്കുകയും അവലോകനം നടത്തുകയും വേണം.

## അദ്ധ്യായം - 11

## വിലയുടെയും നേട്ടങ്ങളുടെയും അപഗ്രഥനവും

## ഏറ്റെടുക്കുന്നതിനുളള ശുപാർശകളും

നിർദ്ദിഷ്ട പദ്ധതി പ്രദേശം വിവിധ വ്യക്തികൾ താമസ ആവശ്യങ്ങൾക്കായി ഉപയോഗിച്ച് വരുന്നതാണ്.

ഈ പദ്ധതിയുടെ നേട്ടങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കുന്നതിലുളള ആഘാതം ന്യായീകരിക്കാവുന്നതേയുള്ളു.

പൊതുജനങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങളും അവരുടെ താൽപ്പര്യവും കണക്കിലെടുത്ത് ഈ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കണം.

### 11.1. **പ്രധാന കണ്ടെത്തലുകൾ :**

- ❖ എസ്.ഐ.എ. സ്റ്റഡി യൂണിറ്റിന്റെ കണ്ടെത്തൽ പ്രകാരം പദ്ധതിപ്രദേശത്ത് 16 സ്വകാര്യം ഭൂ ഉടമകൾ ഉണ്ട്.
- ❖ ഭൂരിഭാഗം ഭൂമിയും പാരമ്പര്യമായി കൈമാറി വന്നവയാണ്.
- ❖ പദ്ധതി പ്രദേശത്ത് നിന്നുളള വരുമാനംകൊണ്ട് മാത്രം ഉപജീവനം നടത്തുന്ന കുടുംബങ്ങളും ഉണ്ട്.

### 11.2. എസ്.ഐ.എ. സ്റ്റഡി യുടെ ശുപാർശകൾ :

- ○ പദ്ധതി ബാധിത കുടുംബങ്ങൾക്ക് അർഹമായ പുനരധിവാസവും ഭൂവുടമകൾക്ക് ന്യായമായ നഷ്ടപരിഹാരവും ഉറപ്പുവരുത്തേണ്ടതാണ്.
- ○ ഈ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കേണ്ടത് ടൂറിസം വകുപ്പിനും പൊതുജനങ്ങൾക്കും ഉപകാരപ്രദമാണ്.

# ഭൂമി ബാധിക്കപ്പെടുന്നവരുടെ വിവരങ്ങൾ

**താലൂക്ക് : തിരുവനന്തപുരം** **വില്ലേജ് : തിരുവല്ലം**

**ബ്ലോക്ക് : 29** ഭൂമിയുടെ തരം ; പുരയിടം

| നമ്പർ | പട്ടാദാരുടെ പേര്, അഡ്രസ്സ് | തണ്ടപ്പേര് | സർവ്വെ നമ്പർ | വിസ്തീർണ്ണം |
|---|---|---|---|---|
| 1. | ശശി .ബി, പ്രേമകുമാരി .ജെ<br>അശ്വതി ഭവൻ, കിളിയന്റെ<br>മുടുമ്പ് വീട്, പാച്ചല്ലൂർ പി. ഒ.<br>തിരുവല്ലം. | | 561/19 | 11.5 സെന്റ് |
| 2. | ശ്രീകുമാരൻ . ബി<br>പുതുവൽ പുത്തൻ വീട്,<br>പാച്ചല്ലൂർ പി. ഒ., തിരുവല്ലം. | 26147 | 561/ 21 | 7 ആർ 30 |
| 3. | എ. ഷാഗുൽ ഹമീദ് | | 561/5<br>561/2 | |
| 4. | ജയപ്രസാദ് . കെ<br>ഗോകുലം TC 48/134/2<br>പൂന്തുറ യു. പി. എസ്. ലെയിൻ<br>അമ്പലത്തറ | | | 5.66 ആർ |
| 5. | ഗോമതി . പി<br>ഗോകുലം, യു. പി. എസ്.<br>ലെയിൻ, അമ്പലത്തറ,<br>പൂന്തുറ പി.ഒ. | | 561/1 | 4.25 സെന്റ് |
| 6. | കെ. രാജൻ<br>TC 55/1300<br>ഉത്രാടം, വടക്കേത്തോപ്പ് ലെയിൻ<br>നീറമൺകര | 74153 | 561/1-3 | 1.62 ആർ |
| 7. | ലാലി . പി<br>കൊല്ലൂർ ലെയിൻ<br>TC 13/1107<br>കണ്ണമ്മൂല | | | |
| 8. | വസുമതി .ബി, വത്സല, വാസന്തി<br>മുടുമ്പ് വീട്, പാച്ചല്ലൂർ | 41554 | 561/4 | 89 സ്ക്വയർ മീറ്റർ |
| 9. | ഹസീന ബീവി<br>W/o (Late) അഹമ്മദ് ബഷീർ<br>48/563/52, നാഷണൽ നഗർ,<br>മണക്കാട് പി. ഒ. | 35773 | 561/8 | 5 സെന്റ് |

| | | | | |
|---|---|---|---|---|
| 10. | Weighying Bridge | | 560/2<br>560/5 | |
| 11. | പ്രദീപ്<br>പ്രസിഡന്റ്, അരയസമുദായംവക<br>ശ്രീ ബാലസുബ്രഹ്മണ്യസ്വാമി<br>ക്ഷേത്രം, ഷെഡ്, ഭജനമഠം,<br>ട്രാൻസ്ഫോർമർ | | 560/5 | |
| 12. | ചായതട്ട് | | 560/5 | |
| 13. | മീനാക്ഷി. പി.<br>കിളിയന്റെമുടുമ്പ് വീട്<br>പനത്തുറ, പാച്ചല്ലൂർ പി. ഒ. | 37696 | 561/5 (24) | 2.25 സെന്റ് |
| 14. | ബി. കൃഷ്ണമ്മ<br>കോട്ടയിൽ വീട്<br>TC 50/584<br>കാലടി പി. ഒ. | 41014 | 561/8 | 19 സെന്റ് |
| 15. | ഓമന .എസ്<br>മഞ്ചു ഭവൻ, വടക്കേ<br>കൂനംതുരുത്തിൽ,<br>പാച്ചല്ലൂർ പി. ഒ. തിരുവല്ലം | 13865 | 561/20 | 10 സെന്റ് |
| 16. | സുരൻ .എ, അനിത .എസ്,<br>സുജിത് .എസ്,<br>സുജിന്തിനി .എ. എസ്<br>കിളിയന്റെമുടുമ്പ് വീട്<br>പനത്തുറ, പാച്ചല്ലൂർ പി. ഒ. | | 561/5-1<br>561/5-1-1 | 3.75 സെന്റ് |
| 17. | വിജയകുമാർ, ഗീത<br>അപർണ്ണ നിവാസ്, മന്നംനഗർ<br>പാച്ചല്ലൂർ. | 13881 | 561/7 | 20.40 സെന്റ് |
| 18 | ശശിധരൻ .പി<br>വടക്കേകൂനംതുരുത്തിൽ<br>തൈനട വീട്, പ നത്തുറ<br>പാച്ചല്ലൂർ പി. ഒ. | 24786 | 560/5 | 32 സെന്റ് |

# നോട്ടീസ്

**ഫോറം - 5 ചട്ടം 14(1)**

നംപർ : 5 എസ്.ഐ.എ./ ഐ.ആർ.ഡി. /2021 തീയതി :

ഒപ്പ്


ചെയർമാൻ

സാമൂഹീക പ്രത്യാഘാതനിർണ്ണയ യൂണിറ്റ്,

ഐ.ആർ.ഡി.



N
KERLA
Tourist Map
KARNATAKA
TAMILNADU
Lakshadweep Sea
Kasaragod
Bekal
Ezhimala
Mahe
Pondicherry
Sulthan Bathery
Wayanad
Kalpetta
Kappad
Kozhikode
(Calicut)
Kottakkal
Malampuzha
Nelliyampathy
Cheruthuruthi
Athirampalli
Waterfalls
Guruvayoor
Thrissur
www.mapsofindia.com
Kaladi
Aluva
(Alwaye)
Malayattur
Kochi
(Cochin)
Munnar
Devikulam
Idukki
Kumarakom
Kottayam
Peermade
Thekkady
Periyar Wild
Life Sanctuary
Alappuzha
(Alleppey)
Ambalapuzha
Aranmula
Sabarimala
Pathanamthitta
Palaruvi
Waterfalls
Kollam
(Quilon)
Varkala
Ponmudi
Veli
Thiruvananthapuram
Kovalam
Map not to Scale
Copyright © 2006. Compare Infobase Pvt. Ltd.
State Capital
State Boundary
International Airport
National Airport
Major Tourist Place
Beach Resort
Waterfall
Boating
Hill Station


TWO OPTIONS
• Opening the filled-up portion and setting up a lifting bridge at Panathura
• Constructing a new road bridge at Vazhamuttom
160-m missing link of Parvathy Puthanar at Panathura
KOVALAM
NH BYPASS
KAZHAKUTTAM
PANATHURA
PANATHURA
PROPOSED LIFTING BRIDGE CLEARENCE: 3.5 M SPAN: 30 M
PROPOSED LIFTING BRIDGE CLEARENCE: 3.5 M SPAN: 20 M CHAINAGE: 1777.700
PANATHURA SUBRAHMANYA SWAMI TEMPLE PACHALLOOR
SEA WALL
60MM APROACH ROAD BOTH SIDE
EXISTING CANAL BOUNDARY
APPROACH ROAD
WIDTH TRANSITION AREA
EXISTING ROAD
PROPOSED CANAL
PROPOSED BRIDGE
CL OF CANAL
BUILDING